കേരള ഗവർണ്ണർ

# റിട്ട. ജസ്റ്റിസ് ശ്രീ. പി. സദാശിവം

2018 ജനുവരി 22-ാം തീയതി

# കേരള നിയമസഭയിൽ ചെയ്ത പ്രസംഗം

ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാന്യരായ മന്ത്രിമാർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാന്യരായ നിയമസഭാംഗങ്ങളേ,

1. 14-ാം കേരള നിയമസഭയുടെ 9-ാം സമ്മേളനത്തിന്റെ സമാരംഭം കുറിച്ചുകൊണ്ട്, കേരളത്തിന്റെ ജനപ്രതിനിധികളുടെ ഈ മഹനീയ സഭയെ അഭിസംബോധന ചെയ്യുന്നത് ബഹുമതിയായും വിശേഷാധികാരമായും ഞാൻ കരുതുന്നു.

2. കഴിഞ്ഞ 20 മാസങ്ങളായി എന്റെ സർക്കാർ കേരള ജനതയ്ക്കായി സേവനം നൽകിക്കൊണ്ടിരിക്കുന്നു. ഇക്കഴിഞ്ഞ ഒരു വർഷം കൊണ്ട് നാം വിവിധ മേഖലകളിൽ ഗണ്യമായ നേട്ടങ്ങൾ കൈവരിക്കുകയും നമ്മുടെ ജനവിധി സൃഷ്ടിച്ച പ്രതീക്ഷകൾക്കൊത്ത് ഉയരുവാനുള്ള എല്ലാ പരിശ്രമങ്ങളും നടത്തുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും മുമ്പെങ്ങുമില്ലാത്ത വെല്ലുവിളികളുടെ മുമ്പിൽ നിൽക്കുന്ന നമുക്ക് കൂടുതൽ പുരോഗതി കൈവരിക്കേണ്ടതുണ്ട്.

3. കഴിഞ്ഞ വർഷം, കേരള സംസ്ഥാനത്തിനെതിരെ നിരവധി പ്രചരണങ്ങൾ, പ്രത്യേകിച്ച്, സാമൂഹ്യ മാധ്യമങ്ങളിലും പരമ്പരാഗത മാധ്യമങ്ങളിലും നടന്നുകൊണ്ടിരുന്നു. രാജ്യത്തെ മികച്ച ക്രമസമാധാന

നിലയുള്ള സംസ്ഥാനമായിരുന്നിട്ടുകൂടി ചില വർഗ്ഗീയ സംഘടനകൾ ചില നിസ്സാരകാരണങ്ങളാൽ ഭാരതത്തിലാകമാനം ഒരു മാസക്കാലം പ്രചരണം നടത്തുകയുണ്ടായി. കേരളീയർ ഒന്നടങ്കം ഈ പ്രചരണത്തിനെതിരെ ഹാഷ്ടാഗോടെ പ്രതികരിക്കുകയുണ്ടായി.

4. മാനവ വികസന സൂചികയിൽ ഉയർന്ന സ്ഥാനത്തു നിൽക്കുന്ന രാജ്യത്തെ ഏക സംസ്ഥാനമായി കേരളത്തെ ഐക്യരാഷ്ട്രസഭ പ്രഖ്യാപിക്കുകയുണ്ടായി. അടുത്തിടെ, പ്രത്യേകിച്ചും എന്റെ സർക്കാർ സംസ്ഥാനത്ത് അധികാരത്തിൽ വന്നശേഷം ക്രമസമാധാന പാലനത്തിൽ ഭാരതത്തിലെ മികച്ച സംസ്ഥാനമായി ഇന്ത്യാ ടുഡേ, കേരളത്തെ തെരഞ്ഞെടുക്കുകയുണ്ടായി. മറ്റു നിരവധി മേഖലകളിലും കേരളത്തെ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമായി ഇന്ത്യാ ടുഡേ തെരഞ്ഞെടുത്തു. രാജ്യത്തെ അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനങ്ങളിലൊന്നായി സെന്റർ ഫോർ മീഡിയ സ്റ്റഡീസ് കേരളത്തെ വിലയിരുത്തി. പബ്ലിക് അഫയേഴ്സ് സെന്റർ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ, പൊതുകാര്യ സൂചികയിൽ കേരളം, ഭാരതത്തിലെ മറ്റു സംസ്ഥാനങ്ങളേക്കാൾ മുമ്പിൽ നിൽക്കുന്നു. ഇക്കാലയളവിൽ കോപ്സ് ടുഡേ ഇന്റർനാഷണലിന്റെ പോലീസ് എക്സലൻസ് അവാർഡ് കേരള പോലീസ് കരസ്ഥമാക്കി. അനന്യമായ 'വയോമിത്രം' പരിപാടി പരിഗണിച്ച് വയോജന സംരക്ഷണത്തിൽ 'വയോജൻ ശ്രേഷ്ഠ' അവാർഡ് കേരളത്തിന് നൽകപ്പെട്ടു.

5. എന്റെ സർക്കാരിന്റെ കാലത്ത് സാക്ഷരതയിൽ രാജ്യത്ത് മുൻപന്തിയിൽ നിലകൊള്ളുന്നത് തുടർന്നു വരുന്ന കേരള സംസ്ഥാനം, വിവിധ മേഖലകളിലും ഭാരതത്തിലെ സംസ്ഥാനങ്ങളിൽ മുൻപന്തിയിലാണെന്ന അസൂയാർഹമായ സ്ഥാനം നേടുകയുണ്ടായി. ഭാരതത്തിലെ ഉയർന്ന ജനസാന്ദ്രതയുള്ള സംസ്ഥാനങ്ങളിൽ ആദ്യത്തെ വെളിയിട വിസർജ്ജ്യ വിമുക്ത സംസ്ഥാനമായി കേരളം. സമ്പൂർണ്ണ വൈദ്യുതീകരണം കൈവരിച്ച രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം. കഴിഞ്ഞ വർഷം, സംസ്ഥാന ബജറ്റിൽ പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ വിഭാഗത്തിന് ജനസംഖ്യാനുപാതികമായ വിഹിതം നീക്കിവച്ച ഏക സംസ്ഥാനമായിരുന്നു കേരളം. രാജ്യത്തെ മറ്റ് ഏതൊരു സംസ്ഥാനത്തിനും അനുവദിക്കപ്പെട്ടതിനേക്കാൾ ഉയർന്ന ശതമാനം വിഹിതമാണ് ഈ ശീർഷകങ്ങൾക്ക് കീഴിൽ അനുവദിച്ചിട്ടുള്ളത്.

6. യഥാർത്ഥത്തിൽ, ഇന്റർനെറ്റ് ലഭ്യത പൗരന്മാരുടെ അവകാശമായി പ്രഖ്യാപിക്കപ്പെട്ട ആദ്യ സംസ്ഥാനമെന്ന നിലയിലേക്ക് കേരളം എത്തുകയുണ്ടായി. കേരള സംസ്ഥാനവുമായി ബന്ധപ്പെട്ട പ്രഥമസ്ഥാനങ്ങളുടെ പട്ടിക ഏറെക്കുറെ അനന്തമാണ്. ഭാരതത്തിലെ 'ട്രാൻസ്ജൻഡർനയ'മുള്ള ആദ്യ സംസ്ഥാനമായ കേരളം, ഭിന്നലിംഗക്കാർക്ക് കൊച്ചി മെട്രോയിൽ തൊഴിൽ ലഭ്യമാക്കുകയും ചെയ്തു. ആദ്യമായി ലൈംഗിക കുറ്റവാളികളുടെ രജിസ്റ്റർ സൂക്ഷിച്ചു വരുന്നതും നമ്മളാണ്. ഏറ്റവും കുറഞ്ഞ ശിശുമരണ നിരക്ക്, ഉയർന്ന ലിംഗ അനുപാതം, ഉയർന്ന ആരോഗ്യ-ജീവിത സൂചികകൾ, ഉയർന്ന വിദേശ

നിക്ഷേപങ്ങൾ, ഗ്രാമങ്ങളിലെ ആധുനിക പാതകൾ, സൗജന്യ വിദ്യാഭ്യാസ ലഭ്യത, സൗജന്യ ആരോഗ്യ ചികിത്സാ ലഭ്യത എന്നിങ്ങനെ പല രംഗങ്ങളിലും കേരളം രാജ്യത്ത് മുൻപന്തിയിൽ നിൽക്കുന്നു.

7. സ്ത്രീകൾക്ക് കൂടുതൽ ശ്രദ്ധ നൽകിക്കൊണ്ട്, എന്റെ സർക്കാർ, അവർക്കായി ഒരു പ്രത്യേക വകുപ്പ് തന്നെ രൂപീകരിക്കുകയും, സംസ്ഥാനത്ത് കഴിഞ്ഞ ബജറ്റിൽ 16 ശതമാനം വിഹിതത്തോടെ ജെൻഡർ ബജറ്റിംഗ് വീണ്ടും ഏർപ്പെടുത്തുകയും ചെയ്തു. നമ്മുടെ പോലീസ് സേനയിലെ വനിതാ അംഗങ്ങളുടെ എണ്ണം 25 ശതമാനമായി വർദ്ധിപ്പിക്കുവാനും പോകുകയാണ്. വനിതകൾ മാത്രമടങ്ങുന്ന അർപ്പണ ബോധത്തോടെയുള്ള ഒരു ബറ്റാലിയൻ നമുക്കുണ്ട്. പൂർണ്ണമായും വനിതകൾ നടത്തുന്ന പോലീസ് സ്റ്റേഷനുകളും നമുക്കുണ്ട്.

8. രാജ്യത്തെ ഏറ്റവും ഉയർന്ന മിനിമം വേതനം നിലവിലുള്ള കേരളം, ധാരാളം ഇതരസംസ്ഥാന തൊഴിലാളികളെ ആകർഷിക്കുകയും എന്റെ സർക്കാർ അവർക്കായി ഒരു നൂതന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനം അവരെ ഊഷ്മളമായി സ്വാഗതം ചെയ്യുകയും മറ്റു പൗരൻമാർക്ക് നൽകുന്ന സമാന പരിഗണന നൽകുകയും ചെയ്യുന്നു. എന്നിട്ടും, അടുത്ത കാലത്ത് വാട്ട്സ് ആപ്പിലും മറ്റു സാമൂഹ്യ മാധ്യമങ്ങളിലും വ്യാജദൃശ്യങ്ങളും ശബ്ദ സന്ദേശങ്ങളും പ്രചരിപ്പിച്ചുകൊണ്ട് അവർക്കിടയിൽ ഭീതി പരത്തുവാനുള്ള ഒരു ഹീനശ്രമം നടക്കുകയുണ്ടായി. പക്ഷേ, കേരളത്തിലെ

വിടെയും ഇതരസംസ്ഥാന തൊഴിലാളികൾക്ക് യാതൊരു വിധത്തിലുമുള്ള ഭീഷണിയും നിലവിലില്ല എന്നത്, ഇത് സംബന്ധിച്ച സ്ഥിതിഗതികൾ വിലയിരുത്തിയവർ തിരിച്ചറിഞ്ഞിട്ടുണ്ട്.

9. കഴിഞ്ഞ ഒരു വർഷക്കാലത്ത്, വിവിധ കേന്ദ്രങ്ങളിൽനിന്നും നമ്മുടെ സംസ്ഥാനത്തിന്റെ മതേതരപാരമ്പര്യങ്ങൾക്കെതിരായി അപകീർത്തികരമായ ആക്രമണങ്ങൾ ഉണ്ടാകുകയും നമ്മുടെ സാമൂഹ്യ മേഖലയിലെ നേട്ടങ്ങൾക്കെതിരെ സംശയങ്ങൾ ഉയർത്തുകയും ക്രമസമാധാനനില സംബന്ധിച്ച ദുരാരോപണങ്ങൾ ഉന്നയിക്കുകയും ചെയ്യുകയുണ്ടായി. എന്നാൽ, നമ്മുടെ പാരമ്പര്യങ്ങളും നേട്ടങ്ങളും സംരക്ഷിക്കുന്നതിനായി കേരള ജനത ഐക്യത്തോടെ നിലകൊണ്ടു. രാജ്യത്ത് ക്രമസമാധാനപാലനത്തിൽ കേരളം പ്രഥമസ്ഥാനത്ത് നിലകൊള്ളുന്നു എന്നും ജീവിത നിലവാരത്തിൽ രാജ്യത്ത് ഉന്നതസ്ഥാനത്ത് നിൽക്കുന്നു എന്നും ഒരിക്കൽകൂടി തിരിച്ചറിയുകയുണ്ടായി. ചില വർഗ്ഗീയ സംഘടനകൾ ആസൂത്രണം ചെയ്തിരുന്നു എങ്കിൽപോലും, നമ്മുടെ സംസ്ഥാനത്ത് യാതൊരു രീതിയിലുമുള്ള വർഗ്ഗീയ ലഹളയും ഉണ്ടായിട്ടില്ല. സഹകരണ ഫെഡറലിസത്തെ അട്ടിമറിച്ച്, സംസ്ഥാന സർക്കാരിനെ മറികടന്നുകൊണ്ട് ജില്ലാ ഭരണാധികാരികളുമായും തദ്ദേശസ്ഥാപനങ്ങളുമായും നേരിട്ട് ഇടപെടാനുള്ള കേന്ദ്രസർക്കാരിന്റെ പ്രവണത നമ്മെ അസ്വസ്ഥമാക്കുന്നുണ്ട്. ജി.എസ്.റ്റി. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക അധികാരങ്ങൾ, ഗൗരവതരമായി പരിമിതപ്പെടുത്തുന്നതിന് കാരണമായി. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ പരിഗണനാ

വിഷയങ്ങൾ, സംസ്ഥാനത്തിന്റെ സാമ്പത്തിക സ്വയംഭരണത്തെ നിയന്ത്രിക്കുന്നതിനുള്ള പ്രവണത കാണിക്കുന്നു. നോട്ട് അസാധുവാക്കലും അനുചിതമായ രീതിയിലും സമയത്തും ജി.എസ്.റ്റി. നടപ്പിലാക്കിയതും സമ്പദ്വ്യവസ്ഥയെ ഗുരുതരമായി മന്ദീഭവിപ്പിക്കുന്നതിനും തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നതിനും കാരണമായി ത്തീർന്നു. ഈ മാന്ദ്യത്തിൽ നമ്മുടെ സംസ്ഥാനവും അകപ്പെടുകയും ഗൾഫ് മേഖലയിലെ പ്രതിസന്ധി നമ്മുടെ സാമ്പത്തിക വളർച്ചയെ മന്ദീഭവിപ്പിക്കുകയും ചെയ്തു. ഈ വിഷമഘട്ടങ്ങൾക്കിടയിലാണ് നാം ജനതയ്ക്ക് നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ നിറവേറ്റുന്ന തിനായി പ്രവർത്തിക്കുന്നത്.

10. ഇന്ന്, നമ്മുടെ പ്രധാന നേട്ടങ്ങളിൽ ചിലത്, അതിലേറെ പ്രധാനമായി, സാമൂഹ്യ, പാരിസ്ഥിതിക, സാമ്പത്തിക മേഖലകളിലുള്ള അനുയോജ്യമായ നേതൃത്വത്തിലൂടെ കേരളത്തിന്റെ സുസ്ഥിരമായ ഭാവി വാർത്തെടുക്കുന്നതിനുള്ള എന്റെ സർക്കാരിന്റെ വീക്ഷണം എടുത്തുകാട്ടുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. നൂതന ആശയങ്ങളിലൂടെയും സംരംഭകത്വം, സദ്ഭരണം, പങ്കാളിത്ത ഉത്തരവാദിത്വം എന്നിവയിലൂടെയും അഭിവൃദ്ധിയുടെ ഈ വീക്ഷണത്തിന് കരുത്തേകേണ്ടതുണ്ട്. എന്റെ സർക്കാർ ചെയ്തുകൊ ണ്ടിരിക്കുന്ന എല്ലാ ഉദ്യമങ്ങളും വിവരിക്കുക എന്ന ശ്രമത്തേക്കാൾ, എന്റെ പ്രസംഗം കൂടുതലായും നയങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ളതാണ് എന്ന് കാണാവുന്നതാണ്.

11. നമ്മുടെ കുട്ടികളുടെയും അവരുടെ കുട്ടികളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിന് യാതൊരു വിട്ടുവീഴ്ചയുമില്ലാതെതന്നെ നമ്മുടെ ആവശ്യകതകൾ നിറവേറ്റുന്നതിനുള്ള കഴിവിനെയാണ് സുസ്ഥിരത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഐക്യരാഷ്ട്രസഭ, സുസ്ഥിര വികസനത്തിന്റെ മൂന്ന് നെടുംതൂണുകൾ, സാമൂഹ്യ-സാമ്പത്തിക-പാരിസ്ഥിതിക സുസ്ഥിരതയാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. 'കേരള മോഡൽ' എന്ന് പരാമർശിക്കപ്പെടുന്ന കേരളത്തിന്റെ വികസനത്തിന്റെ പുരോഗമനാത്മകവശങ്ങൾ ലോകത്താകമാനം പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. വികസനത്തിലെ കേരളത്തിന്റെ അതുല്യമാതൃകയിൽ എന്റെ സർക്കാർ അഭിമാനം കൊള്ളുകയും കേരളത്തിന്റെ അതിശയ ചരിത്രത്തിൽ അടുത്ത അദ്ധ്യായം കുറിക്കുവാൻ ആകാംക്ഷാഭരിതരായിരിക്കുകയുമാണ്. നമ്മുടെ സാമൂഹ്യ നേട്ടങ്ങൾ കൈവരിക്കുന്നതിനു പുറമെ കാലാവസ്ഥാ വ്യതിയാനത്തിന്റെയും വ്യാപകമായ മലിനീകരണത്തിന്റേയും പശ്ചാത്തലത്തിൽ നമ്മുടെ ദുർബലമായ പരിസ്ഥിതി സംരക്ഷിക്കപ്പെടേണ്ടതായിട്ടുണ്ട്. 'കേരള മോഡൽ' കൈകാര്യം ചെയ്യേണ്ട ഒരു പുതിയ തലമാണ് ഇത്.

12. നമുക്കു സുപരിചിതമായ സാധാരണ സമീപനങ്ങളെ പലപ്പോഴും തടസ്സപ്പെടുത്തുന്ന ദ്രുതഗതിയിലുള്ള സാങ്കേതിക വിജയങ്ങളും നൂതന ആവിഷ്കാരങ്ങളും മൂലം കേരളത്തിന്റെ ഭാവി വെല്ലുവിളി നേരിടുന്നു. എന്നിരുന്നാലും അവ അനന്യമായ അവസരങ്ങൾകൂടി പ്രദാനം ചെയ്യുന്നുണ്ട്. റബ്ബറും സുഗന്ധവ്യഞ്ജനങ്ങളും പോലുള്ള

കേരളത്തിന്റെ കാർഷിക ഉൽപ്പന്നങ്ങൾക്ക് ആഗോള ആഭ്യന്തരതലത്തിലെ ആവശ്യകതയിലുള്ള മാറ്റങ്ങൾ തോട്ടം മേഖലയിലെ തൊഴിൽ വ്യവസായ അന്തരീക്ഷ ങ്ങളിൽ നാടകീയമാറ്റങ്ങൾക്കിടയാക്കുകയുണ്ടായി. അതുപോലെ, പരമ്പരാഗത ഇന്ധനങ്ങളിൽ നിന്നും സങ്കര-വൈദ്യുത ഊർജ്ജത്താലുള്ള വാഹനങ്ങളി ലേയ്ക്കുള്ള പരിവർത്തനമുൾപ്പെടെയുള്ള ദ്രുതഗതിയി ലുള്ള മാറ്റങ്ങൾ, വാഹനരംഗത്തും ഉണ്ടായിക്കൊണ്ടിരി ക്കുന്നു. ജീവിതത്തിന്റെയും പ്രവൃത്തിയുടെയും ലോകത്ത് മാറ്റം കൊണ്ടുവരുവാൻ സജ്ജമായ ഒരു അതുല്യഭഞ്ജകമായി സാങ്കേതികവിദ്യ പ്രവർത്തിക്കുന്നു. ആട്ടോമേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, നാനോ-ടെക്നോളജി, റോബോട്ടിക്സ് എന്നിവ നമ്മുടെ ലോകം തന്നെ മാറ്റുകയും നിലവിലുള്ള പല തൊഴിലുകളും കാലഹരണപ്പെടുകയും ഭാവിയിൽ പുതിയ തൊഴിലുകൾ സൃഷ്ടിക്കുകയും ചെയ്യും. ഇതിനായി സംസ്ഥാനത്തിന്, നിരവധി പുതിയ സാങ്കേതിക വിദ്യകളിലും ആഗോള മത്സരങ്ങളിൽ മികച്ച സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങളിലും നിക്ഷേപം നടത്തേണ്ടതും, വാണിജ്യ വിജയങ്ങൾക്കും തൊഴിൽ സൃഷ്ടിക്കുന്നതിനും നൂതന ആവിഷ്കാരങ്ങൾ സ്വീകരിക്കേണ്ടതായിട്ടുമുണ്ട്.

13. കാലാവസ്ഥാ വ്യതിയാന പ്രതിഭാസവും അതനുസരിച്ച് ഉണ്ടാകാൻ പോകുന്ന കാലാവസ്ഥാ ഘടനയിലുള്ള മാറ്റങ്ങളുമാണ് ഗൗരവമായി പരിഗണിക്ക പ്പെടേണ്ട മറ്റൊരു ഘടകം. മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും നാശനഷ്ടമുണ്ടാക്കി കേരള തീരത്ത് മഹാദുരിതം വിതച്ച 'ഓഖി' ചുഴലിക്കാറ്റ്

സമീപകാലത്ത് നമുക്കുണ്ടായ ഒരു അനുഭവമായിരുന്നു. നമുക്ക് മുന്നറിയിപ്പ് ലഭിച്ച ഉടൻ തന്നെ എന്റെ സർക്കാർ, ദുരന്തനിവാരണ സംവിധാനങ്ങൾ കർമ്മനിരത മാക്കിയെങ്കിലും ദ്രുതഗതിയിൽ മാറിക്കൊണ്ടിരുന്ന സംഭവവികാസങ്ങളുടെ കാഠിന്യം, കടലിലെ വളരെ യധികം വരുന്ന മത്സ്യബന്ധന ബോട്ടുകളെ ബാധിക്കുക യുണ്ടായി. അപകടത്തിൽപ്പെട്ട ആളുകളെയും യാനങ്ങളെയും രക്ഷപ്പെടുത്തുന്നതിനായി, സംസ്ഥാന സർക്കാർ കഴിയാവുന്ന എല്ലാ ശ്രമങ്ങളും നടത്തുകയും ബഹുഭൂരിപക്ഷം വരുന്നവർക്കും ആശ്വാസം എത്തിക്കു ന്നതിൽ വിജയിക്കുകയും ചെയ്യുകയുണ്ടായി. എന്നിരു ന്നാലും, കേന്ദ്ര സർക്കാരിന്റെ വ്യോമ-നാവിക സേനകളു മായും ചേർന്ന് സംയുക്തമായി രക്ഷാപ്രവർത്തനം നടത്തിയിട്ടും വളരെയധികം വരുന്ന മത്സ്യത്തൊഴിലാളി കൾ വീടുകളിൽ തിരികെ എത്തിയിട്ടില്ല. ഈ മഹാ ദുരന്തത്തിനിരയായ ഓരോരുത്തരുടെയും ദുഃഖത്തിൽ ഞാൻ പങ്കുചേരുന്നു. ഈ അനുഭവം കാലാവസ്ഥാ വ്യതിയാനം കൈകാര്യം ചെയ്യുന്നതിനുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ശേഷി വർദ്ധിപ്പി ക്കുവാൻ മാത്രമല്ല, ഇത്തരം ദുരന്തങ്ങളുടെ പ്രത്യാഘാത ങ്ങൾ നേരിടുന്നതിനുള്ള സാങ്കേതികവിദ്യയും മാനവ ശേഷിയും വർദ്ധിപ്പിക്കുക എന്നതു കൂടി ആവശ്യപ്പെടുന്നു എന്ന് എന്റെ സർക്കാർ കരുതുന്നു. ദുരന്തത്തിൽ നഷ്ടമായ ഓരോ ജീവനും പകരം നഷ്ടപരിഹാരം നൽകുന്നതിനും ഈ ദുരന്തത്തിൽ കാണാതായവരുടെ കുടുംബങ്ങൾക്ക് സഹായം നൽകുന്നതിനും എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അത്തരം സഹായം നൽകുന്നതിനും ജനതയുടെ കാര്യപ്രാപ്തി വർദ്ധിപ്പിക്കു ന്നതിനും വരുംകാല ദുരന്തങ്ങളെ ഫലപ്രദമായി

നേരിടാൻ കഴിയുംവിധം സംസ്ഥാന ദുരന്തനിവാരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനും കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ധനസഹായം വിനിയോഗിക്കും. കടലിൽ കാണാതായവരെ കണ്ടെത്തുന്നതിന് മുമ്പെങ്ങുമില്ലാത്ത രീതിയിൽ നടത്തിയ രക്ഷാദൗത്യത്തിൽ, കഠിനപരിശ്രമം നടത്തിയ കേന്ദ്ര സായുധസേനയിലെ അംഗങ്ങൾക്കും എല്ലാ സ്ത്രീപുരുഷന്മാർക്കുമുള്ള ആദരവും കൃതജ്ഞതയും എന്റെ സർക്കാർ രേഖപ്പെടുത്തുന്നു.

14. നിലവിലുള്ള സാഹചര്യം തിരിച്ചറിയുകയും അത് കൈകാര്യം ചെയ്യുകയും ഉചിതമായ നിക്ഷേപങ്ങളിലൂടെ ഭാവി സുരക്ഷിതമാക്കുകയും സുതാര്യത, സത്യസന്ധത, ഉത്തരവാദിത്വം എന്നീ സാഹചര്യങ്ങളിൽ പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് ഒരു നല്ല നേതൃത്വം ആവശ്യപ്പെടുന്നത്. വികസനത്തിന്റെ മുൻഗണനകൾ തീരുമാനിക്കുമ്പോൾ, പാരിസ്ഥിതികമായ ആശങ്കകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകത പ്രധാന ഘടകമാണെന്ന് 'ഓഖി' ചുഴലിക്കാറ്റ് എടുത്തുകാട്ടുന്നു. ഈ പാഠങ്ങൾ, കഴിഞ്ഞ വർഷം ആരംഭിച്ച നാല് ദൗത്യങ്ങളിലൂടെ അനാവരണം ചെയ്യപ്പെട്ട സുസ്ഥിര കേരളത്തിന്റെ അടിസ്ഥാന ചട്ടക്കൂട് മെച്ചപ്പെടുത്തുന്നതിന് ഉപയോഗിക്കുന്നതാണ്. എന്റെ സർക്കാരിന്റെ വികസന മുൻഗണനകൾക്ക് പ്രാധാന്യം നൽകി, അതിന്റെ വിവിധ തലങ്ങൾ വിവരിക്കുക എന്നതും, കഴിഞ്ഞ വർഷം ഉണ്ടായ പുരോഗതി എടുത്ത് പറയുക എന്നതും ഉചിതമാണ്.

**മിഷനുകൾ**

15. പാവപ്പെട്ടവരിൽ പാവപ്പെട്ടവരും നിരാലംബരുമായ വിധവകളും വയോധികരും ഗുരുതര രോഗം ബാധിച്ചവരും, ഗോത്ര വർഗ്ഗ സമൂഹവും അതുപോലുള്ളവരും ഉൾപ്പെടെ സമൂഹത്തിലെ ഏറ്റവും ദുർബല വിഭാഗത്തിൽപ്പെട്ടവരെയും ലക്ഷ്യമിട്ടുകൊണ്ട്, മുൻഗണനാ മേഖലകളിൽ നാല് മിഷനുകൾ സംഘടിപ്പിച്ചുകൊണ്ട് പുതിയ പദ്ധതിയിലൂടെ ഒരു നവലോകത്തിലേയ്ക്ക് ഉൽക്കർഷേച്ഛാപൂർവ്വവും ധീരവുമായ ഒരു ചുവടു വയ്പ് എന്റെ സർക്കാർ നടത്തും. ഈ മിഷനുകളുടെ മുഖ്യമായ അടിസ്ഥാന തത്വങ്ങളും കഴിഞ്ഞ വർഷത്തെ നമ്മുടെ നേട്ടങ്ങളും താഴെ വിവരിക്കുന്നു:

16. ഹരിത കേരള മിഷൻ - സുരക്ഷിതമായ ഭക്ഷണത്തിനുള്ള കൃഷി പ്രോത്സാഹിപ്പിക്കുക, ശുചീകരണം, മാലിന്യ നിർമ്മാർജ്ജനം, ജല വിഭവങ്ങളുടെ സുസ്ഥിര വികസനം എന്നിവ ലക്ഷ്യമിടുന്നു.

17. ആരോഗ്യ മേഖലയിലെ മിഷൻ–'ആർദ്രം'– സംസ്ഥാനത്തെ ദരിദ്രരും നിർദ്ധനരുമായ പൗരൻമാർക്കും വേണ്ടിയുള്ള ത്രിതല ആരോഗ്യ സംരക്ഷണ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകുന്നു.

18. വിദ്യാഭ്യാസത്തിനുള്ള മിഷൻ, വിവര വിനിമയ സാങ്കേതികവിദ്യയിലൂന്നിയുള്ള (ICT) പഠനരീതി ആരംഭിച്ചും, ക്ലാസ്സ് മുറികൾ സ്മാർട്ട് ക്ലാസ്സുകളാക്കി രൂപാന്തരപ്പെടുത്തിയും സർക്കാർ വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും പഠനനിലവാരവും ഉയർത്തുന്നതിന് പ്രാഥമികമായും ലക്ഷ്യമിടുന്ന സമഗ്രമായ ഒരു പൊതുവിദ്യാഭ്യാസ പുനരുജ്ജീവന മിഷൻ ആണ്.

19. ലൈവ്‌ലിഹുഡ് ഇൻക്ലൂഷൻ ആന്റ് ഫിനാൻഷ്യൽ എംപവർമെന്റ് മിഷൻ (LIFE)–തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ 4.32 ലക്ഷം ഭവനരഹിതർക്ക് സുരക്ഷിതവും ആധുനികവുമായ വീടുകളോ ഫ്ളാറ്റുകളോ നൽകുന്നതിന് ലക്ഷ്യമിടുകയും അപ്രകാരമുള്ള പാർപ്പിടങ്ങൾക്കരികെ സുസ്ഥിരമായ തൊഴിലും ജീവനോപാധിയും സൃഷ്ടിക്കുകയും ചെയ്യുന്നു.

20. കഴിഞ്ഞ വർഷത്തിൽ, മിഷനുകൾ മെച്ചപ്പെട്ട പ്രവർത്തനങ്ങളാൽ ശക്തമായി നിലയുറപ്പിക്കുകയും സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവയ്ക്കുകയും ചെയ്തു. 2017 ആഗസ്റ്റിൽ ആരംഭിച്ച 'മാലിന്യമുക്ത പ്രചരണ പരിപാടി' ഹരിത കേരള മിഷൻ ആരംഭിക്കുകയും 300 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. അതിനുപുറമെ ജലസംരക്ഷണം മെച്ചപ്പെടുത്തുന്നതിനായി നിരവധി കുളങ്ങൾ, കിണറുകൾ, കനാലുകൾ, അരുവികളിലെ ദീർഘഭാഗങ്ങൾ എന്നിവ ശുചീകരിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. കഴിഞ്ഞ

വേനൽക്കാലത്ത് അനുഭവപ്പെട്ട കഠിനമായ ജലക്ഷാമം നേരിടുന്നതിന്, അയൽക്കൂട്ടം, കുടുംബശ്രീ, മറ്റ് സാമൂഹിക സംഘടനകൾ എന്നിവയിലൂടെ 'ജലമാണ് ജീവൻ' പ്രചരണ പരിപാടി നടത്തുകയുണ്ടായി. ഇതിനെല്ലാം ഉപരിയായി ഭാവി തലമുറയ്ക്കായി കേരളത്തിന്റെ ഹിതകരവും ആരോഗ്യകരവുമായ കാലാവസ്ഥ സംരക്ഷിക്കുന്നതിന് സഹായകമാകുംവിധം ലോകപരിസ്ഥിതി ദിനത്തിൽ 85 ലക്ഷം വൃക്ഷത്തൈകൾ നടുന്നതിനും മിഷന് കഴിഞ്ഞു.

21. 'വിദ്യാഭ്യാസ മിഷനിലെ' ഭൗതിക അടിസ്ഥാന സൗകര്യം എന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനായാണ് കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE) രൂപവൽക്കരിച്ചത്. കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡ് (KIIFB) മുഖേനയുള്ള 1392 കോടി രൂപയുടെ ധനസഹായത്തിനായി ആകെ 370 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുള്ളതും അവയിൽ മൂന്നിൽ രണ്ട് സ്കൂളുകൾക്ക് സാമ്പത്തിക അനുമതി നൽകിയിട്ടുള്ളതുമാണ്. അതുകൂടാതെ, 494 കോടി മുതൽമുടക്കി 4775 സ്കൂളുകൾക്കുവേണ്ടി 45000 ഹൈടെക് ക്ലാസ്റൂമുകൾ നിർമ്മിച്ചുവരികയാണ്. സർക്കാരിന്റെ ഉടമസ്ഥതയിലുള്ള എല്ലാ സ്കൂളുകൾക്കും വേണ്ടി അക്കാഡമിക് മാസ്റ്റർപ്ലാൻ വികസിപ്പിക്കുന്നതിനുപുറമെ പാരിസ്ഥിതിക സുസ്ഥിരത സംബന്ധിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിന് 1200 സ്കൂളുകളിൽ ജൈവവൈവിധ്യ പാർക്കുകൾ തുടങ്ങുന്ന പ്രക്രിയയിലാണ്.

22. 'ആർദ്രം' മിഷന്റെ ഭാഗമായി 17 ജില്ലാ ആശുപത്രികളിലും 8 മെഡിക്കൽ കോളേജുകളിലും ഔട്ട്പേഷ്യന്റ് വകുപ്പ് (OPD) രൂപാന്തരപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ ആരംഭിക്കുകയും മുഖ്യ അടിസ്ഥാന സൗകര്യ വികസനം മൂന്നാംഘട്ടത്തിലുമാണ്. ആദ്യ ഘട്ടത്തിൽ, 170 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ (PHC) കുടുംബ ആരോഗ്യ കേന്ദ്രങ്ങളായി (FHC) രൂപാന്തരപ്പെടുത്തി വരുന്നതും അവയിൽ 80 എണ്ണം പൂർത്തിയായിട്ടുള്ളതും ശേഷിക്കുന്നവ സാമ്പത്തികവർഷം അവസാനിക്കുന്നതിനുമുമ്പ് പൂർത്തിയാക്കുന്നതുമാണ്.

23. കേരളത്തിലുടനീളമുള്ള പണിതീരാത്ത 66939 വീടുകൾ പൂർത്തിയാക്കുന്നതിനുള്ള പ്രക്രിയയിലാണ് എന്റെ സർക്കാർ. ഇതിനകം 2000 വീടുകൾ പൂർത്തിയാക്കിയിട്ടുള്ളതും മിഷൻ സംസ്ഥാനത്തെ ഭവനരഹിതരായ 4.32 ലക്ഷം ആളുകളുടെ സമഗ്രമായ പട്ടിക തയ്യാറാക്കുന്നതിനുമുള്ള പ്രക്രിയയിലുമാണ്. വിവിധ വകുപ്പുകളുടെ കീഴിൽ 12336 പുതിയ വീടുകൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. സ്വന്തമായി ഭൂമിയുള്ള ഏകദേശം 1.76 ലക്ഷം ആളുകൾക്കായി വീടുകൾ ഈ മിഷൻ നല്കുന്നതും ഭൂരഹിതർക്ക് ടവർ ഫ്ളാറ്റുകൾ നിർമ്മിച്ച് പാർപ്പിട സൗകര്യം നൽകുന്നതുമാണ്.

24. സ്ത്രീശാക്തീകരണത്തിൽ അന്താരാഷ്ട്ര പ്രശംസ നേടിയ, മാതൃകയായ കുടുംബശ്രീ, അതിന്റെ എളിയ തുടക്കത്തിൽനിന്നും സംരംഭകത്വവും സൃഷ്ടിപരവുമായ തലങ്ങൾ കൈവരിക്കുകയുണ്ടായി. ബ്രോയിലർ ചിക്കന്റെ ക്ഷാമം പരിഹരിക്കുക, 'സ്റ്റാർട്ടപ്പ് വില്ലേജ്

എന്റർപ്രണർഷിപ്പ് പ്രോഗ്രാം' ആരംഭിക്കുക, മൈക്രോ ബിസിനസ് എന്റർപ്രൈസസ് സ്ഥാപിക്കുക തുടങ്ങിയ വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ അത് ഇപ്പോൾ ഏറ്റെടുക്കുന്നു. 'ഹരിത കേരളം' മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിനായി 'ഹരിതകർമ്മസേന' യൂണിറ്റുകൾ രൂപീകരിച്ച് അത് ഹരിത കേരളം മിഷനു മായി കൈകോർക്കുന്നതാണ്.

25. മുകളിൽ സൂചിപ്പിച്ച അടിസ്ഥാന ഘടനയുടെ വിപുലപ്പെടുത്തലും ഒരു വിശാലമായ വ്യവസ്ഥാനു സരണമുള്ള സാഹചര്യങ്ങളിൽ അതിന്റെ പ്രയോഗവു മാണ് ഈ പ്രസംഗത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഇത് എന്റെ സർക്കാരിന്റെ ഉദ്യമങ്ങളെ സാമൂഹിക സാമ്പത്തിക പാരിസ്ഥിതിക സുസ്ഥിരതാ വിഭാഗങ്ങളായി തരംതിരിക്കുകയും ബയോസെൻട്രിക് സമീപനത്തോടെ അവയെ രൂപീകരിക്കുകയും അത് മാനവസമൂഹത്തെ അവരുടെ സ്വാഭാവിക പരിസ്ഥിതിക്കുള്ളിൽ നിലനിർത്തുകയും ചെയ്യുന്നു.

## സാമൂഹിക നേതൃത്വം

26. സാമൂഹിക സുസ്ഥിരതയുടെ കാതലായ ഭാഗം ജനങ്ങളിൽ മുതൽമുടക്കുക എന്നതാണ്. എല്ലാ സർക്കാർ പ്രവർത്തനങ്ങളിലെയും പ്രധാന പരിഗണന അതിന്റെ പൗരൻമാരുടെ സാമൂഹിക വികസനമായിരി ക്കണമെന്ന് നോബൽ ബഹുമതിക്കർഹനായ അമർത്യാസെൻ നമ്മെ ഓർമ്മിപ്പിക്കുന്നു. സാമൂഹികമായ നിക്ഷേപങ്ങൾ നടത്തുവാൻ എന്റെ സർക്കാർ

പൂർണ്ണമായി പ്രതിജ്ഞാബദ്ധമാണ്. ഭക്ഷ്യവും പൊതു വിതരണവും, വിദ്യാഭ്യാസം, ആരോഗ്യം, ക്രമസമാധാനം, സുരക്ഷ തുടങ്ങിയ മേഖലകളിൽ നിലവിലുള്ള നിക്ഷേപങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതുകൂടാതെ സാമൂഹിക സുസ്ഥിരതയ്ക്ക് അടിത്തറയിടുന്ന നിരവധി പുതിയ ഉദ്യമങ്ങളുമായി എന്റെ സർക്കാർ മുന്നോട്ട് പോവുകയാണ്.

## ഭക്ഷ്യവും സിവിൽ സപ്ലൈസും

27. കാര്യക്ഷമവും ഫലപ്രദവുമായ ഭക്ഷ്യവിതരണവും സിവിൽ സപ്ലൈസും എന്റെ സർക്കാരിന്റെ മുന്തിയ പരിഗണനകളാണ്. 2013-ലെ നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്റ്റിന്റെയും (NFSA) 2015-ലെ ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റംസ് (TDPS) ആക്റ്റിന്റെയും അടിസ്ഥാനത്തിൽ കേരള റേഷനിംഗ് ഓർഡറിലും സിവിൽ സപ്ലൈസ് മാന്വലിലും പരിഷ്കരണം കൊണ്ടുവരുന്നതാണ്. 2013-ലെ നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്റ്റ് കൃത്യമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒരു സോഷ്യൽ ഓഡിറ്റ് അഡ്വൈസറി കമ്മിറ്റിയും സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയും രൂപീകരിക്കുന്നതിന് പദ്ധതിയുണ്ട്. വിഭവ കേന്ദ്രത്തോടുകൂടിയ ഒരു സ്വതന്ത്രമായ ഉപഭോക്തൃകാര്യ വകുപ്പ് രൂപീകരിക്കുന്നതിലൂടെ ഉപഭോക്താക്കളുടെ പ്രതികരണാത്മകത മെച്ചപ്പെടുത്തുന്നതാണ്. വിവരങ്ങൾ നല്കുന്നതിനും ഉപഭോക്താക്കൾക്ക് നിയമസഹായം ലഭ്യമാക്കുന്നതിനുമായി ഉപഭോക്തൃ തർക്ക പരിഹാര ഫോറവുമായും (CDRF) ലീഗൽ

സർവ്വീസസ് അതോറിറ്റിയുമായും പരസ്പര വിനിമയം നടത്തുന്നതിനായി എല്ലാ 14 ജില്ലകളിലും ഒരു ഉദ്യോഗസ്ഥന്റെ ചുമതലയിൽ ജില്ലാ ഉപഭോക്തൃ ഇൻഫർമേഷൻ ഡെസ്ക്കുകൾ രൂപീകരിക്കുന്നതാണ്.

വിദ്യാഭ്യാസം

28. കേരളം അതിന്റെ ഉയർന്ന നിരക്കിലുള്ള സാക്ഷരതയ്ക്കും സാർവ്വത്രികമായ പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിലും ലോകപ്രശസ്തമാണ്. കേരളം ഉന്നത-പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലകളിൽ പ്രത്യേകിച്ചും, അതിന്റെ ഗവേഷണവും നൂതന സമ്പ്രദായവും വർദ്ധിപ്പിച്ചുകൊണ്ട് വിദ്യാഭ്യാസ മേഖലയിൽ ഒരു ആഗോള നേതൃസ്ഥാനത്തേയ്ക്ക് ഉയർന്നുവരുന്നതിനായി അതിന്റെ മികവ് വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിനാൽ വിദ്യാഭ്യാസ സമ്പ്രദായം ശക്തിപ്പെടുത്തുക എന്നത് എന്റെ സർക്കാരിന്റെ മുൻഗണനകളിൽ ഒന്നാണ്. നിലവാരമുള്ള ഒരു വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അടിസ്ഥാനമെന്നത് അധ്യാപനത്തെ സംതൃപ്തി നല്കുന്ന ഒരു തൊഴിലാക്കി മാറ്റുക എന്നതാണ്. സ്വകാര്യ അൺ-എയിഡഡ് സ്കൂളുകളിൽ അറിവ് പകർന്നു കൊടുക്കുന്ന അധ്യാപകർക്ക് ഏറ്റവും കുറഞ്ഞ വേതനം ഉറപ്പാക്കേണ്ടതുണ്ടെന്ന് എന്റെ സർക്കാർ അംഗീകരിക്കുന്നതും അതിനാൽ അധ്യാപകവൃത്തിയിൽ അടിസ്ഥാന വേതനം ഉറപ്പാക്കുന്നതിനും താല്പര്യമുള്ളവരെ ആകർഷിക്കുന്നതിനുമായി അധ്യാപകരുടെ മിനിമം വേതനം ആക്റ്റ് എന്ന നിയമം ഉണ്ടാക്കുന്നതാണ്. അത് അധ്യാപനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സാമൂഹ്യ നീതി നല്കുന്നു.

29. എന്റെ സർക്കാർ, ഉയർന്ന നിലവാരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടും, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നേടുന്നത് പ്രോൽസാഹിപ്പിച്ചുകൊണ്ടും സൈദ്ധാന്തിക അറിവിന് സഹായകമായ നൈപുണ്യവും പ്രായോഗിക പരിചയവും പ്രവൃത്തി പരിചയവും നൽകിക്കൊണ്ടും, വിദ്യാഭ്യാസ മേഖലയെ അടുത്ത തലത്തിൽ എത്തിക്കുന്നതിന് പ്രതിജ്ഞാബദ്ധമാണ്. പൗരന്മാർക്ക് അവരുടേതായ ലോകം രൂപപ്പെടുത്തുന്നത് സഹായിക്കുന്നതിൽ പൂർണ്ണമായും ഏർപ്പെട്ടിട്ടുള്ള അവരുടെ ഒരു തലമുറ സൃഷ്ടിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൗരന്മാരുടെ അവകാശങ്ങൾ, ചുമതലകൾ, പൗരന്മാരുടെ ഇടപെടൽ, സോഫ്റ്റ് സ്കിൽ എന്നിവയ്ക്ക് ഊന്നൽ നല്കുന്നുവെന്ന് കാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം നല്കിക്കൊണ്ടും ക്ലാസ് മുറികളിൽ സാങ്കേതിക വിദ്യയുടെ ഉപയോഗം പ്രോത്സാഹിപ്പിച്ചുകൊണ്ടും അക്കാദമിക മികവിന് ഊന്നൽ നൽകിക്കൊണ്ടും പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തുവാൻ എന്റെ സർക്കാർ പദ്ധതിയിടുന്നു. പൊതു വിദ്യാഭ്യാസ വകുപ്പിൽ ഒരു സമഗ്ര ഇ-ഗവേണൻസ് സംവിധാനം നടപ്പിലാക്കും. സ്കൂളുകളിലെ ലൈബ്രറികൾ ഡിജിറ്റൈസ് ചെയ്യുന്നതായിരിക്കും നമ്മുടെ ഉദ്യമങ്ങളിലൊന്ന്.

30. കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടുകൂടി സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളും, സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള ഉത്ക്കർഷേച്ഛയുള്ള

പദ്ധതി ഉന്നത വിദ്യാഭ്യാസ വകുപ്പ് ഇതിനകം ആരംഭി ച്ചിട്ടുണ്ട്. ഈ വർഷം അതിന്റെ മുഖ്യഭാഗം ജോലി പൂർത്തിയാക്കും. 2018-19-ൽ മലിനജല സംസ്കരണം, പാരമ്പര്യേതര ഊർജ്ജോൽപ്പാദന ഉദ്യമങ്ങൾ, ഊർജ്ജ സംരക്ഷണം, സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 'സ്റ്റുഡന്റ് അമിനിറ്റി സെന്ററുകൾ സ്ഥാപിക്കൽ' എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കും. സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും മറ്റ് സ്ഥാപനങ്ങളിലും ഇന്റർഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ തുടങ്ങുന്നതാണ്. ഈ ദിശയിലുള്ള പരീക്ഷണാടിസ്ഥാനത്തിലുള്ള ഒരു പദ്ധതിയായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് ഒരു സ്റ്റുഡന്റ് സാറ്റലൈറ്റ് വിക്ഷേപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## നൈപുണ്യം നൽകൽ

31. ഇന്ന്, തൊഴിലിന്റെ ലോകത്ത് ആവശ്യമായത് വെറും ബിരുദങ്ങൾ മാത്രമല്ല, മറിച്ച് തൊഴിൽ നൈപുണ്യമാണ്. വ്യാപാരത്തിലും വ്യവസായത്തിലും ആവശ്യമായ തൊഴിൽ നൈപുണ്യം നൽകാതെ സൈദ്ധാന്തിക വിജ്ഞാനം നൽകുന്നതിലും ബിരുദങ്ങൾ നൽകുന്നതിലും വളരെക്കാലമായി ഒതുങ്ങിയിരിക്കുന്നു വെന്ന വെല്ലുവിളി നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം നേരിടുകയാണ്. പഠനത്തിന്റെ അല്ലെങ്കിൽ അറിവ് സമ്പാദനത്തിന്റെ ഒരു പ്രക്രിയയാണ് വിദ്യാഭ്യാസം. മറിച്ച്, നൈപുണ്യം എന്നത് ഒരാളുടെ അറിവ് കാര്യക്ഷമമായും അനായാസമായും നിറവേറ്റുന്നതിനുള്ള കഴിവാണ്. ഭാരതത്തിന്റെ ജനസംഖ്യാപരമായ

അനുകൂല സാഹചര്യം പ്രയോജനപ്പെടുത്തി മെച്ചപ്പെട്ട ഫലങ്ങൾ കൈവരിക്കുന്നതിന് നൈപുണ്യ വികസനം നിർണ്ണായകമാണ്. വ്യാപാരങ്ങൾ, തൊഴിലുകൾ, ഭരണം എന്നിവയുടെ സ്വഭാവത്തിൽ മാറ്റം വരുത്തുന്ന സാങ്കേതിക വ്യതിയാനങ്ങളുടെ സ്വാധീനം നൈപുണ്യ വികസന പരിപാടികൾ രൂപകല്പന ചെയ്യുന്നതിൽ ഒരു ഘടകമാകേണ്ടതാണ്. അതിവേഗം സംഭവിച്ചുകൊണ്ടിരിക്കുന്ന സാങ്കേതിക വിദ്യയിലുള്ള മാറ്റങ്ങൾ നാളത്തെ തൊഴിൽ ലോകത്തിന്റെ രൂപത്തിനും ഭാവത്തിനും നാടകീയമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതാണ്. നമുക്കറിയാവുന്നതുപോലെ, ജോലികൾക്ക് മാറ്റങ്ങൾ സംഭവിക്കാൻ പോകുന്നതും അവ വീണ്ടും രൂപകല്പന ചെയ്യപ്പെടുന്നതുമാണ്. ഇരുപതാം നൂറ്റാണ്ടിന്റെ റോഡ്മാപ്പ് ആശ്രയിച്ചുകൊണ്ട് നമുക്ക് നമ്മുടെ കുട്ടികളെ നാളത്തെ തൊഴിലുകൾക്ക് വേണ്ടി പ്രാപ്തരാക്കുവാൻ സാധ്യമല്ല. 'കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ' (KASE) കീഴിൽ ഒരു വേൾഡ് സ്കിൽസ് ലൈസിയം സ്ഥാപിക്കുന്നത് എന്റെ സർക്കാരിന്റെ സജീവ പരിഗണനയിലുള്ളതും നാളത്തെ തൊഴിലുകൾക്കായി നമ്മുടെ യുവജനതയെ സജ്ജരാക്കുന്നതിന് ഗവേഷണം, ഉദ്യമങ്ങൾ, നൂതന ആശയങ്ങൾ എന്നിവ പരിപോഷിപ്പിക്കുന്നതുമാണ്. സർക്കാരിന്റെ നൈപുണ്യ വികസന നയത്തിനനുസൃതമായി ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ (ITI) അന്താരാഷ്ട്ര നിലവാരത്തിലേക്ക് പദവി ഉയർത്തുന്നതിനുള്ള പരിപാടികൾ ആരംഭിക്കുന്നതാണ്. തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ പുതിയ 10 ഐ.റ്റി.ഐ. കൾ സ്ഥാപിക്കുന്നതിനും എന്റെ സർക്കാർ ലക്ഷ്യമിടുന്നു.

**ആരോഗ്യം**

32. ആരോഗ്യ മേഖലയിൽ സുസ്ഥിര വികസനം കൈവരിക്കുന്നതിനുള്ള ലക്ഷ്യങ്ങളാണ് ആദ്യവർഷക്കാലത്ത് സർക്കാർ പ്രഖ്യാപിച്ചിരുന്നത്. ഇതിന്റെ ഭാഗമായി ഈ വർഷം മന്തുരോഗം നിർമ്മാർജ്ജനം ചെയ്യുന്നതും 2020-ാം വർഷത്തോടെ കുഷ്ഠരോഗം ഉൻമൂലനം ചെയ്യുന്നതിൽ ഗണ്യമായ പുരോഗതി കൈവരിക്കുന്നതുമാണ്. 2025-ഓടെ കേരളത്തിൽ നിന്നും ക്ഷയരോഗം (റ്റി.ബി.) നിർമ്മാർജ്ജനം ചെയ്യുന്നതിനായി ക്ഷയരോഗം ബാധിക്കാൻ സാധ്യതയുള്ള ആളുകളിൽ, ചികിൽസയുടെ ആരംഭത്തിൽതന്നെ മരുന്ന് പ്രതിരോധം സംബന്ധിച്ച നിർണ്ണയം നടത്തുന്നത് എന്റെ സർക്കാർ ആരംഭിച്ചിട്ടുണ്ട്.

33. കേരളത്തിലെ ആരോഗ്യ പരിപാലന സംവിധാനം ഭാരതത്തിലെ മികച്ചവയിൽ ഒന്നായിരിക്കുന്നതും അടിയന്തര വൈദ്യസഹായ സംവിധാനം നവീകരിച്ചുകൊണ്ടും അപകടത്തിനിരയായവർക്ക് അടിയന്തര ആശ്വാസം നൽകുന്നതിന് ട്രോമാ കെയർ സെന്ററുകൾ സ്ഥാപിച്ചുകൊണ്ടും കേരളത്തിന്റെ സ്ഥാനം ഉയർത്തുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സ്വകാര്യ മേഖലയിലെയും സർക്കാർ മേഖലയിലെയും ആശുപത്രികളിൽ ആരോഗ്യ പരിപാലന നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്റ്റാൻഡേർഡൈസ് ചെയ്യുന്നതിനുംവേണ്ടി എന്റെ സർക്കാർ ഈ വർഷം ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം നടപ്പിലാക്കും. 'ആർദ്രം' പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലാ ആശുപത്രികളിലും പക്ഷാഘാത പരിചരണ യൂണിറ്റുകളും പക്ഷാഘാത

ഇന്റൻസീവ് കെയർ യൂണിറ്റുകളും സ്ഥാപിക്കുന്നതാണ്. മഞ്ചേരിയിലെയും കൊല്ലത്തെയും സർക്കാർ മെഡിക്കൽ കോളേജുകളിൽ ഹൃദയസംബന്ധമായ രോഗങ്ങളുടെ പരിചരണത്തിന് സൗകര്യങ്ങൾ ലഭ്യമാക്കുന്നതാണ്. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജുകളിൽ പല അസുഖങ്ങൾക്കും മിനിമലി ഇൻവേസീവ് ട്രീറ്റ്മെന്റ് നൽകുന്ന ഡിജിറ്റൽ സബ്ട്രാക്ഷൻ ആൻജിയോഗ്രഫി ഉൾപ്പെടെയുള്ള ഇന്റർവെൻഷണൽ റേഡിയോളജി സേവനങ്ങൾ ലഭ്യമാക്കുന്നതാണ്.

34. വർദ്ധിച്ചുവരുന്ന അർബുദരോഗബാധിതരുടെ എണ്ണം കണക്കിലെടുത്ത് അറിവ് പങ്കുവയ്ക്കുന്നതിനും ശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള ഒരു കെയർഗ്രിഡ് ഉൾപ്പെടുന്ന കാൻസർ കെയർ സ്ട്രാറ്റജി ആവിഷ്കരിക്കുന്നതാണ്. അതുപോലെ പ്രമേഹം പോലെയുള്ള ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിനായി പ്രത്യേക ശ്രദ്ധ നൽകുന്നതാണ്. ജനിതകഘടനയിലെ മാറ്റം, പോളിമോർഫിസം എന്നിവ കണ്ടുപിടിക്കുന്നതിനുള്ള ജനിതക ഘടന സീക്വൻസിംഗ് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ സ്ഥാപിക്കുന്നതാണ്.

35. ആയുഷ് വകുപ്പിലൂടെ പരമ്പരാഗത ഔഷധ ശാഖയിലെ നമ്മുടെ ശക്തി വർദ്ധിപ്പിക്കുന്നത്, എന്റെ സർക്കാർ തുടരുന്നതാണ്. എന്റെ സർക്കാർ ആയുർവ്വേദ മേഖലയിൽ കോഴിക്കോട് ആദ്യമായി 'ചൈൽഡ് ആന്റ് അഡോളസെന്റ് കെയർ സെന്ററും' കണ്ണൂർ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ

നേത്രരോഗ വിഭാഗവും ഇ.എൻ.റ്റി.-യും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. സർക്കാർ ആയുർവ്വേദ കോളേജുകളിൽ മാനസിക ആരോഗ്യ ചികിത്സ വ്യാപിപ്പിക്കുന്നതും മറ്റ് പദ്ധതികളിൽ ഉൾപ്പെടുന്നു. നിലവിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയവ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. ഹോമിയോപ്പതി ചികിത്സ ലഭിക്കുന്നത് വർദ്ധിപ്പിക്കുന്നതിനായി മൊബൈൽ ടെക്നോളജി ഉപയോഗപ്പെടുത്തുന്നതാണ്.

## ക്രമസമാധാനവും സുരക്ഷയും

36. സാങ്കേതിക വിദ്യയുടെ ഉപയോഗം, പ്രോആക്ടീവ് ഇന്റലിജൻസ്, മെച്ചപ്പെട്ട നിരീക്ഷണം, വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ വർദ്ധിച്ച സാന്നിദ്ധ്യം എന്നിവയിലൂടെ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള കുറ്റകൃത്യങ്ങൾ കുറയ്ക്കുകയും തടയുകയും; ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സംവിധാനം ആവിഷ്കരിക്കുക, ഓരോ പോലീസ് ജില്ലയിലും ഓരോ മാതൃകാ പോലീസ് സ്റ്റേഷൻ വികസിപ്പിക്കുക, പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുക, എന്നിവ ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ടുള്ള എന്റെ സർക്കാരിന്റെ മുൻഗണനകളിൽ ഉൾപ്പെടുന്നു. അഴിമതിരഹിതമായ ഇടപെടലിനുള്ള അന്തരീക്ഷം പ്രോൽസാഹിപ്പിക്കുന്നത് സർക്കാരിന്റെ പ്രധാന പരിഗണനയാണ്. പ്രവർത്തനങ്ങളിൽ സാങ്കേതികവിദ്യ സമന്വയിപ്പിക്കുന്നത് വിവിധ വകുപ്പുകളുടെ ലക്ഷ്യങ്ങളിലെ ഒരു പൊതുവിഷയമാണ്; പാസ്പോർട്ടുകളുടെ ഇ-വെരിഫിക്കേഷൻ മുതൽ ഗതാഗത നിയന്ത്രണം വരെയുള്ള സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന്, സാങ്കേതിക ജ്ഞാനം ഉപയോഗ

പ്പെടുത്തും. മെച്ചപ്പെട്ട തീരദേശ സുരക്ഷാപാലനത്തിനും ദ്രുതഗതിയിലും കാര്യക്ഷമവുമായ ദുരന്തനിവാരണ പ്രതികരണത്തിനുമായി രണ്ട് സ്വതന്ത്ര ഡിവിഷനുകൾ രൂപീകരിക്കാൻ ആഭ്യന്തര വകുപ്പ് വിഭാവനം ചെയ്യുന്നു. പോലീസ് ഉദ്യോഗസ്ഥർക്ക് മെച്ചപ്പെട്ട പരിശീലനവും അവസരങ്ങളും നൽകുന്നതാണ്. കേസുകളുടെ കാര്യക്ഷമമായ അന്വേഷണത്തിന് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഫോറൻസിക് ലബോറട്ടറിയുടെ നിർമ്മാണത്തിനും മുൻഗണന നൽകുന്നു.

37. അഞ്ച് കോർപ്പറേഷനുകളിൽ റൂറൽ അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസുകൾ സ്ഥാപിക്കുകയും ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ട് ഫയർ ആന്റ് റെസ്ക്യൂ സർവീസസ് വകുപ്പിന്റെ സേവനങ്ങൾ വർദ്ധിപ്പിക്കുവാൻ എന്റെ സർക്കാർ പദ്ധതിയിടുന്നു. ഇ-ഗവേണൻസ് ഉദ്യമങ്ങൾ, ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം, സർട്ടിഫിക്കറ്റുകൾ നൽകുന്ന തിനുള്ള വെബ് പോർട്ടൽ സേവനങ്ങൾ എന്നിവ വഴി സേവനങ്ങളുടെ ആധുനികവത്കരണം നടപ്പിലാക്കു ന്നതാണ്.

38. എന്റെ സർക്കാർ, ഉത്തരവാദിത്വത്തിൽ ഊന്നൽ നൽകുന്നതും എല്ലാ പബ്ലിക് സർവന്റുമാരിൽ നിന്നും സത്യസന്ധത ആവശ്യപ്പെടുന്നതും തുടരുന്നതാണ്. ഉത്തരവാദിത്വം, സദ്ഭരണം എന്നിവയിലൂടെ ഒരു അഴിമതിരഹിത സംസ്ഥാനം എന്ന നേട്ടം കൈവരിക്കുക എന്ന പ്രഖ്യാപിത ദൗത്യത്തോടെ വികസനത്തിന്റെ ഫലം എല്ലാവരും അനുഭവിക്കുന്നു എന്ന് ഉറപ്പു വരുത്തുവാൻ യത്നിക്കുന്നതാണ്.

## പട്ടികജാതിയും പട്ടികഗോത്രവർഗ്ഗങ്ങളും

39. എന്റെ സർക്കാർ, പട്ടികജാതി-പട്ടികഗോത്രവർഗ്ഗ ങ്ങളുടെ സാമൂഹ്യസാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്ന തിനു വേണ്ടി പൂർണ്ണമായി പ്രതിജ്ഞാബദ്ധവും ഈ ലക്ഷ്യം കൈവരിക്കുന്നതിനായി നിരവധി ഉദ്യമങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു. ആദ്യമായി, പഴയ പട്ടിക ജാതി സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തുന്നതിനും പുതിയവ ആരംഭിക്കുന്നതിനും ഞങ്ങൾ ആഗ്രഹിക്കുന്നു. പുതിയ നിർമ്മാണങ്ങൾ, കാർഷികവൃത്തി തുടങ്ങിയവ പോലുള്ള തൊഴിൽ സൃഷ്ടിക്കുന്നതും വരുമാനദായകവു മായ പ്രവർത്തനങ്ങളെ ഈ പദ്ധതിയിലൂടെ സഹായിക്കുന്നതുമാണ്. മൂലധനത്തിന്റെ/വായ്പയുടെ ലഭ്യത സംബന്ധിച്ചും **'ഗദ്ദിക'** യും മറ്റ് വിപണനമേളകളും വഴി ഉല്പന്നങ്ങളുടെ വിപണനത്തിനും സഹായം നൽകുന്നതാണ്. 30-ൽ അധികം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന 1000 പട്ടികജാതി കോളനി കളുടെ സമഗ്ര വികസനത്തിനു വേണ്ടിയുള്ള **'ഡോ. അംബേദ്കർ ഗ്രാമവികസന പദ്ധതി'** യാണ് രണ്ടാമത്തെ ഉദ്യമം. അപര്യാപ്തമായ അടിസ്ഥാന സൗകര്യപ്രശ്നം പരിഹരിക്കുവാനും വരുമാനദായകമായ പ്രവർത്തനങ്ങൾ സൃഷ്ടിക്കുവാനും ഈ പദ്ധതികൊണ്ടു ദ്ദേശിക്കുന്നു. മൂന്നാമതായി, സ്കൂളുകളിൽ നിന്നും കുട്ടികൾ ഇടയ്ക്ക് വച്ച് പഠനം നിർത്തി പോകുന്ന പ്രശ്നം പരിഹരിക്കുന്നതിനും ഗോത്രവർഗ്ഗ കുട്ടികൾക്ക് ശരിയായ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും വയനാട് ജില്ലയിൽ വിജയകരമായി നടപ്പിലാക്കിയ **'ഗോത്രബന്ധു'**

സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതാണ്. നാലാമതായി, അവരുടെ വാസകേന്ദ്രങ്ങളിൽ വിദ്യാഭ്യാസത്തിനനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള **'സാമൂഹ്യ പഠനമുറി'** (കമ്മ്യൂണിറ്റി സ്റ്റഡി സെന്റർ) സംസ്ഥാനത്താകമാനം നടപ്പിലാക്കുന്നതാണ്. 2017-18 കാലയളവിൽ അങ്ങനെയുള്ള 100 കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളതും, ഇനിയുമൊരു 500 പുതിയ പഠന കേന്ദ്രങ്ങൾ ആരംഭിക്കുകയെന്നതും ഞങ്ങളുടെ ലക്ഷ്യമാണ്.

**തൊഴിലവകാശങ്ങൾ**

40. മഹാത്മാഗാന്ധി ആവർത്തിച്ച് ഊന്നിപ്പറഞ്ഞതുപോലെ, തൊഴിലിന്റെ മഹത്വം അംഗീകരിക്കൽ വിവേകമുള്ള ഒരു സമൂഹത്തിന്റെ അടിസ്ഥാനഘടകമാണ്. തൊഴിലിടങ്ങളിലെ സുരക്ഷിതത്വവും തൊഴിൽ മേഖലയിലെ അനുയോജ്യമായ നഷ്ടപരിഹാരവുമാണ് യഥാർത്ഥ തൊഴിലവകാശങ്ങൾ. ഈ വസ്തുത അംഗീകരിച്ചുകൊണ്ട് കൂടുതൽ സുരക്ഷിതമായ തൊഴിലിടങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികളെടുക്കുകയും കേരളത്തിൽ ജോലിചെയ്യുന്ന നഴ്സുമാർക്കു വേണ്ടി ഏറ്റവും കുറഞ്ഞ വേതനത്തിനായി ഒരു വിജ്ഞാപനം കൊണ്ടുവരുകയും ചെയ്തു. ഇതിനുപുറമെ, ഉത്പാദനക്ഷമതയും പ്രൊഫഷണലിസവും പ്രോത്സാഹിപ്പിക്കുന്നതിന് വിവിധമേഖലകളിൽ **'തൊഴിലാളിശ്രേഷ്ഠ അവാർഡുകൾ'** ഏർപ്പെടുത്തുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ട്. ഭാരതത്തിന്റെ നാനാഭാഗത്തു

നിന്നും കേരളത്തിൽ ജോലി ചെയ്യുന്ന ധാരാളം അന്യദേശ താല്ക്കാലിക തൊഴിലാളികൾക്കു വേണ്ടി 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നതിനും എന്റെ സർക്കാർ നടപടി യെടുത്തിട്ടുണ്ട്. ക്ഷയോന്മുഖമായ തോട്ടംമേഖലയുടെ നവീകരിക്കൽ എന്റെ സർക്കാർ മുന്തിയ പരിഗണന നൽകുന്നവയിലൊന്നാണ്. ഇതിനുവേണ്ടി ഒരു പ്രത്യേക പുനരുജ്ജീവന പാക്കേജ് തോട്ടം മേഖലയിൽ നടപ്പിലാ ക്കുന്നതാണ്.

41. നാഷണൽ റിമോർട്ട് സെൻസിങ് ഏജൻസിയു മായും (NRSA) ഇന്ദിരാഗാന്ധി സെന്റർ ഫോർ ആറ്റോമിക് റിസർച്ചുമായും (IGCAR) സഹകരിച്ച് 'റിമോട്ട് സെൻസിങ് എനേബിൾഡ് ഓൺലൈൻ കെമിക്കൽ എമർജൻസി റെസ്പോൺസ് സിസ്റ്റം' (ROCERS) എന്ന പേരിൽ ഒരു പ്രത്യേക വ്യാവസായിക ദുരന്തനിവാരണ പദ്ധതി ഏർപ്പെടുത്തുന്നതിന് ഫാക്ട റീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടറേറ്റ് ആലോചിക്കു ന്നുണ്ട്. തൊഴിലിടങ്ങളിലെ തൊഴിലുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങളിൽ രോഗനിർണ്ണയം നടത്തുന്നത് കേരളം ഇന്ന് അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളികളിലൊന്നാണ്. ആരോഗ്യം സംബന്ധിച്ച് കാലാനുസാരിയായ വൈദ്യപരിശോധന, ചികിത്സ, നിയന്ത്രണ നടപടികൾ എന്നിവയ്ക്കു വേണ്ടിയുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്. ഓവർസീസ് ഡവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ODEPC) കേരളത്തിലെ യോഗ്യത യുള്ള യുവജനങ്ങൾക്ക് യൂറോപ്യൻ രാജ്യങ്ങളിലെ തൊഴിലവസര സാധ്യതയെക്കുറിച്ച് ആരായുന്നതാണ്.

**സ്ത്രീശാക്തീകരണം**

42. ലിംഗവിവേചനം അവസാനിപ്പിക്കുക, സ്ത്രീകളെ അവരുടെ മുഴുവൻ കഴിവുകളും കൈവരിക്കുവാൻ സാദ്ധ്യമാകുംവിധം ശാക്തീകരിക്കുക എന്നിവയാണ് എന്റെ സർക്കാർ ഊന്നൽ നൽകുന്ന മേഖലകൾ. ക്രമേണ, വ്യാവസായിക എസ്റ്റേറ്റുകളിലും വ്യാവസായിക പാർക്കുകളിലും സ്ത്രീകൾക്കു വേണ്ടി ക്രഷുകളും ഹോസ്റ്റലുകളും സ്ഥാപിക്കുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ജൻഡർ ബഡ്ജറ്റിംഗും ആഡിറ്റിംഗും ശക്തിപ്പെടുത്തുന്നതാണ്.

**യുവജനത**

43. പ്രാഗല്ഭ്യമുള്ളവരും വിദ്യാസമ്പന്നരുമായ യുവജനങ്ങളെക്കൊണ്ട് അനുഗ്രഹീതമാണ് കേരളം. സംസ്ഥാനത്തെ യുവജനങ്ങളുടെ ഇതുവരെയും ഉപയോഗപ്പെടുത്താത്ത കഴിവ് പരമാവധി പ്രയോജനപ്പെടുത്തുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. യുവജനക്ഷേമ ബോർഡ്, 'യുവക്ലബ്ബ്' എന്ന പേരിൽ സാമൂഹ്യസേവനത്തിനു വേണ്ടി യുവജനങ്ങളുടെ ക്രിയാത്മകമായ കഴിവുകളെ നയിക്കുന്നതാണ്. എന്റെ സർക്കാരിന് യുവതലമുറയുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഉത്തരവാദിത്വമുണ്ട്.

44. രാഷ്ട്രത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിൽ പാർലമെന്ററി ജനാധിപത്യം വളരെ നിർണ്ണായകമായ ഒരു പങ്ക് വഹിക്കുന്നു. പാർലമെന്ററി ജനാധിപത്യത്തിൽ മതേതരത്വത്തിന്റെ പ്രാധാന്യവും മൂല്യങ്ങളും സംബന്ധിച്ച് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കു

മിടയിൽ ആദരവും അവബോധവും സൃഷ്ടിക്കുന്നതിന് യുവജന പാർലമെന്റ് മത്സര പരിപാടി, പാർലമെന്ററി സാക്ഷരതാ ക്ലബ്ബുകൾ, മനുഷ്യാവകാശ വിദ്യാഭ്യാസ ക്ലബ്ബുകൾ എന്നിവ കേരളത്തിലെ എല്ലാ സർക്കാർ കോളേജുകളിലേക്കും എയ്ഡഡ് കോളേജുകളിലേക്കും വ്യാപിപ്പിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് ഉദ്ദേശിക്കുന്നു. ഉന്നത നിലവാരമുള്ള അടിസ്ഥാന സൗകര്യം സജ്ജീകരിക്കുന്നതിന്റെ പ്രാധാന്യം മനസിലാക്കികൊണ്ട് നിലവാരമുള്ള സ്പോർട്സ് അടിസ്ഥാന സൗകര്യം ഉണ്ടാക്കുന്നതിനും സുസ്ഥിര രീതിയിൽ ആയത് പ്രവർത്തിപ്പിക്കുന്നതിനും വേണ്ടി 'സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ മാനേജ്മെന്റ് സർവ്വീസസ് കമ്പനി' എന്ന പേരിൽ ഒരു സ്പെഷ്യൽ പർപസ് വെഹിക്കിൾ (SPV) എന്റെ സർക്കാർ സ്ഥാപിക്കും.

## സാമൂഹ്യനീതി

45. എന്റെ സർക്കാർ സാമൂഹ്യനീതി ഉറപ്പുവരുത്തുകയും പിന്നാക്ക സമുദായങ്ങളുടെ സാമൂഹ്യവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ വികസനത്തിനും വേണ്ടി മതിയായ സഹായം നൽകുകയും ചെയ്യുന്നതാണ്. ഇത് കൈവരിക്കുന്നതിനുള്ള സർക്കാർ പദ്ധതികളിൽ സ്വയംതൊഴിൽ ഉദ്യമങ്ങൾ, ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്നവർക്കുള്ള വായ്പാ സഹായം, ഭവന വായ്പാ സഹായം എന്നിവ ഉൾപ്പെടുന്നു. ഭിന്നലിംഗക്കാരായ ആളുകൾക്കു വേണ്ടി ആരോഗ്യ ഇൻഷ്വറൻസ് സ്കീമുകളും സുരക്ഷിത പാർപ്പിട നിർമ്മാണ ഉദ്യമങ്ങളും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സമഗ്രമായ "സായംപ്രഭ" മുതിർന്ന പൗരന്മാരിലേക്ക് വ്യാപിപ്പിക്കുന്ന

തിന് ഞങ്ങൾ ഉദ്ദേശിക്കുന്നു. സാമൂഹ്യനീതി വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന 72 ഹോമുകളിൽ താമസിക്കുന്ന വരുടെ പൊതുവായ ക്ഷേമം വർദ്ധിപ്പിക്കുന്നതിനു വേണ്ടി നൈപുണ്യ പരിശീലനവും റിഫോർമേഷൻ തെറാപ്പി പാക്കേജും നൽകുന്നതിനുള്ള സമഗ്ര ശാക്തീകരണ പദ്ധതി ആരംഭിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഒക്കുപേഷണൽ തെറാപ്പി സംബന്ധമായ കോഴ്സുകൾ ഏർപ്പെടുത്തുക, ഡിസ ബിലിറ്റി മാനേജ്മെന്റ് സർവ്വീസുകൾ ആരംഭിക്കുക, ആദ്യഘട്ടത്തിൽതന്നെ പരിശോധനയ്ക്കും രോഗനിർണ്ണയ ത്തിനുമുള്ള സൗകര്യം എന്നിവ ഉൾപ്പെടെ ഭിന്നശേഷി ക്കാരായ ആളുകൾക്കു വേണ്ടിയുള്ള മറ്റ് നിരവധി ഉദ്യമങ്ങളും പരിഗണനയിലാണ്.

46. യുദ്ധത്തിൽ വീരമൃത്യുവരിക്കുന്ന പ്രതിരോധ സേനാംഗങ്ങളുടെ അടുത്ത ബന്ധുക്കൾക്ക് എന്റെ സർക്കാർ സൈനികക്ഷേമത്തിലൂടെ ധനസഹായം നൽകും. എക്സ്-സർവീസുകാരുടെയും അവരുടെ ആശ്രിതരുടെയും പുനരധിവാസത്തിനു വേണ്ടി കേരള സ്റ്റേറ്റ് എക്സ്-സർവീസ്മെൻ ഡവലപ്പ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷൻ (KEXCON) മുഖേന സഹായം നൽകുന്നതിനും ഞങ്ങൾ പദ്ധതിയിടുന്നുണ്ട്.

## ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്

47. വിവര-പൊതുജനസമ്പർക്ക വകുപ്പ് 2017-ൽ വീണ്ടും പ്രശംസാർഹമായ നേട്ടങ്ങൾ കൈവരിച്ചു. ന്യൂഡൽഹിയിൽ വച്ച് നടന്ന 2017-ലെ ഇൻഡ്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ പങ്കെടുത്ത് ഏറ്റവും മികച്ച സംസ്ഥാന പവലിയനുള്ള വെള്ളിമെഡൽ കേരള

സർക്കാർ നേടി. മറ്റ് പ്രധാന നേട്ടങ്ങളിൽ; മുഖ്യമന്ത്രിയുടെ ടെലിവിഷൻ സംവാദപരിപാടിയായ, 'നാം മുന്നോട്ട്' ആരംഭിച്ചതും, നവകേരള കർമ്മപദ്ധതി പ്രോത്സാഹിപ്പിക്കുന്നതും, പ്രത്യേക പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതും ഉൾപ്പെടുന്നു. പിആർഡി പോഗ്രാം പ്രൊഡക്ഷൻ സെന്റർ, നവസാമൂഹ്യമാധ്യമ പ്രചരണ പരിപാടികൾ ഏർപ്പെടുത്തൽ, പത്രപ്രവർത്തകരുടെയും ബന്ധപ്പെട്ട മറ്റു വ്യക്തികളുടെയും ക്ഷേമത്തിനുവേണ്ടി മാത്രമായുള്ള ഒരു വിഭാഗത്തോടുകൂടിയ കേരള മീഡിയകോൺക്ലേവിന്റെ വികസനം എന്നിവ ഈ വകുപ്പിന്റെ നിർദ്ദിഷ്ട ഉദ്യമങ്ങളിൽ പ്പെടുന്നു.

**സാംസ്കാരികം**

48. കലകൾ, സ്പോർട്സ്, വിനോദ കലാപരിപാടികൾ, മ്യൂസിയങ്ങൾ എന്നിവയെ സഹായിക്കുന്ന നിരവധി ഉദ്യമങ്ങളിലൂടെ നമ്മുടെ പൗരന്മാരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനും ടൂറിസത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനും എന്റെ സർക്കാർ ശ്രമിച്ചിട്ടുണ്ട്. അനുയോജ്യമായ തുറസ്സായ സ്ഥലങ്ങൾ ലഭ്യമായ ഗ്രാമങ്ങളിലും പട്ടണങ്ങളിലും 'നാട്ടരങ്ങ്' എന്ന പേരിൽ സാംസ്കാരിക ഇടനാഴികൾ സ്ഥാപിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഇവ തദ്ദേശീയമായ കലാസാംസ്കാരിക പ്രകടനങ്ങൾ നടത്താൻ കഴിയുന്ന നടനശാലകളായിരിക്കുന്നതാണ്.

49. നമ്മുടെ പൈതൃകത്തെ കണ്ടെത്തുകയും ഭാവിതലമുറകൾക്കായി അവ സംരക്ഷിക്കുകയും കാത്തുസൂക്ഷിക്കുകയും ഇന്നത്തെ തലമുറയുടെ വിജ്ഞാനത്തിനും വിനോദത്തിനുമായി അവ പ്രദർശിപ്പിക്കുകയും

ചെയ്യുന്നതാണ് പുരാവസ്തുവും പുരാരേഖയും മ്യൂസിയവും വകുപ്പുകൾ നിർവഹിക്കുന്ന പ്രധാന ചുമതലകൾ. യുണെസ്കോ (UNESCO) ലോകപൈതൃക സ്ഥലങ്ങളുടെ താൽക്കാലിക പട്ടികയിൽ ഉൾപ്പെടുത്തിയ പത്മനാഭപുരം കൊട്ടാരത്തിൽ സൗകര്യങ്ങളും ഗവേഷണ സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും മറ്റ് പൈതൃക സ്ഥലങ്ങൾ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനും പുരാവസ്തു വകുപ്പ് ഉദ്ദേശിക്കുന്നു. കേരള സംസ്ഥാന പുരാരേഖ വകുപ്പ് താളിയോലകൾ ഉൾപ്പെടെ വാല്യങ്ങൾ വരുന്ന ചരിത്രരേഖകളുടെ കലവറയാണ്, ഈ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികളെടുത്തുകൊണ്ടിരിക്കുകയാണ്. മ്യൂസിയങ്ങളുമായി ബന്ധപ്പെട്ട മറ്റ് ഉദ്യമങ്ങളും വിഭാവനം ചെയ്തുവരുന്നു, അതിൽ ഏറ്റവും പ്രധാനപ്പെട്ടത് പരേതനായ ശ്രീ. എ.കെ. ഗോപാലന്റെ ജീവചരിത്രവും പ്രധാന സംഭവങ്ങളും ചിത്രീകരിക്കുന്ന, ധർമ്മടത്തെ ഒരു മ്യൂസിയത്തിന്റെ നിർമ്മാണമാണ്.

## സമ്പദ്‌വ്യവസ്ഥയുടെ നേതൃത്വം

50. സമ്പദ്‌വ്യവസ്ഥയുടെ ഉത്തരവാദിത്വബോധത്തോടു കൂടിയ നേതൃത്വം അഭിവൃദ്ധിക്കും ഐക്യത്തിനും സമാധാനത്തിനും അത്യന്താപേക്ഷിതമാണ്. എന്റെ സർക്കാർ അതിന്റെ സമ്പദ്‌വ്യവസ്ഥയുടെ നേതൃത്വ ഉത്തരവാദിത്വങ്ങൾ വളരെ ഗൗരവമായെടുക്കുന്നു. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ, കൃഷി, ടൂറിസം, പ്രവാസികളുടെ നിക്ഷേപം, വ്യവസായം എന്നിവയെ പ്രധാനമായി ആശ്രയിച്ചിരിക്കുന്നു. ഈ മേഖലകളിലോരൊന്നിലും അതീവ ശ്രദ്ധ ചെലുത്തുകയും ഈ മേഖലകളിലെ നമ്മുടെ പരമ്പരാഗത അവസരങ്ങൾക്ക് ശക്തിപകരുന്ന

തിന് നിരവധി ഉദ്യമങ്ങൾ പുരോഗമിച്ചു വരുകയും സംസ്ഥാനത്തിന്റെ ആകർഷണീയത വർദ്ധിപ്പിക്കുന്നതിനു വേണ്ടി പുതിയ തന്ത്രങ്ങൾ ആവിഷ്കരിക്കുകയുമാണ്.

**കൃഷിയും മൃഗസംരക്ഷണവും**

51. സംസ്ഥാനത്തിന് നൂറ്റാണ്ടുകളായി കൃഷിയോട് ഒരു അഭിനിവേശം ഉണ്ടായിരുന്നുയെന്നതാണ് സർവ്വ വ്യാപിയായി കണ്ടുവരുന്ന തെങ്ങ് മുതൽ കുട്ടനാട്ടെ പാടശേഖരവും മദ്ധ്യകേരളത്തിലെ റബ്ബർ തോട്ടങ്ങൾ വരെയുള്ളവ കാണിക്കുന്നത്. ഇത് തലമുറകൾക്ക് സുഖകരമായ ഒരു ജീവിതം നല്കിയിരുന്നു. എന്റെ സർക്കാർ, ധാന്യങ്ങൾ, പച്ചക്കറികൾ, ഫലങ്ങൾ എന്നിവ ഉൾപ്പെടെയുള്ള കൃഷിയുടെ എല്ലാ മേഖലകളിലും ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ പദ്ധതിയിടുന്നു. ഏതെങ്കിലും പൊതു താത്പര്യമില്ലാതെ മറ്റ് ആവശ്യങ്ങൾക്കു വേണ്ടി നെൽവയലുകൾ പരിവർത്തനപ്പെടുത്തുന്നത്, തുടർന്നുവരുന്ന സർക്കാരുകൾക്ക് എപ്പോഴും ഒരു പ്രശ്നമാണ്. സംസ്ഥാനത്തിന്റെ തന്ത്രപരമായ താല്പര്യങ്ങൾക്ക് അനുകൂലമായ രീതിയിൽ, അത്തരം പ്രവൃത്തികൾക്കെതിരെ ഉചിതമായ നിയമങ്ങൾ നടപ്പിലാക്കുവാൻ എന്റെ സർക്കാർ ഫലപ്രദമായ നടപടികളെടുത്തിട്ടുണ്ട്. ഇതിനുപുറമെ പുഷ്പക്കൃഷിക്ക് ആഭ്യന്തര വിപണിയിലും കയറ്റുമതി വിപണിയിലുമുള്ള അവസരങ്ങൾ ആരായുന്നതുമാണ്. ധാന്യങ്ങളുടെ കൃഷിയും പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതും സംഭരണത്തിനും വിതരണത്തിനും വിപണനത്തിനും ആവശ്യമായ സഹായം നല്കുന്നതുമാണ്. സംയോജിത കൃഷി, നഷ്ടം ലഘൂകരിക്കൽ, ആരോഗ്യമുള്ള മണ്ണിനുള്ള ഉദ്യമങ്ങൾ എന്നിവ

ഉൾപ്പെടെയുള്ള മെച്ചപ്പെട്ട കൃഷിനടത്തിപ്പ് രീതികൾ പ്രചാരത്തിലാക്കുന്നതാണ്. ജലസംരക്ഷണ നടപടികൾ, ജൈവകൃഷി, ഫാം ടൂറിസം എന്നിവ പ്രോത്സാഹിപ്പിക്കുന്നതാണ്. കാർഷികോല്പന്നങ്ങളുടെ മൂല്യ വർദ്ധനവ്, വിതരണം, വിപണനം എന്നിവ മെച്ചപ്പെടുത്തുന്നതിൽ കർഷകരുമായി പങ്കാളിത്തത്തിൽ ഏർപ്പെടുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ദ്രുതഗതിയിൽ അഗ്രോപാർക്കുകൾ പൂർത്തീകരിക്കുന്നതു വഴി കൃഷിയിൽ മൂല്യവർദ്ധനവിനും വിലശൃംഖല ഉയർത്തുന്നതിനും പ്രാധാന്യം നല്കുന്നത് എന്റെ സർക്കാർ തുടരുന്നതാണ്.

52. കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക വികസനത്തിൽ മൃഗസംരക്ഷണ മേഖലയും ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഹൈഫർ പാർക്കുകളും ക്ഷീരമേഖലകളും സ്ഥാപിക്കൽ, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതിക്കുള്ള വ്യവസ്ഥ, തദ്ദേശീയ ഇനം കന്നുകാലികൾ വാങ്ങുന്നതിനുള്ള സഹായം ഉൾപ്പെടെ ക്ഷീരമേഖലയിൽ നിരവധി ഉദ്യമങ്ങൾ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കന്നുകാലികൾക്കും കന്നുകാലി ഉടമസ്ഥർക്കും വേണ്ടി ഒരു ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്താനും ഞങ്ങൾ ഉദ്ദേശിക്കുന്നു. പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ശാസ്ത്രീയമായ രീതിയിൽ പശുക്കിടാവ് വളർത്തൽ, മൃഗവിഭവശേഷി വികസന പരിപാടികൾ ഉൾപ്പെടെയുള്ള നിരവധി ഉദ്യമങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനു പുറമെ, രാത്രികാലങ്ങളിലെ അടിയന്തര വെറ്ററിനറി കെയർ സർവ്വീസുകൾ കൂടുതൽ ബ്ലോക്കുകളിലേക്ക് വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു.

**ടൂറിസം**

53. കേരളത്തിന്റെ പ്രകൃതിരമണീയത, സമ്പന്നമായ പൈതൃകം, സവിശേഷമായ നൈപുണ്യങ്ങൾ എന്നിവ പരിഗണിക്കുമ്പോൾ, നമ്മുടെ സമ്പദ്‌വ്യവസ്ഥയിൽ ടൂറിസം ഒരു പ്രധാന പങ്ക് വഹിക്കുന്നതിൽ യാതൊരു ആശ്ചര്യവുമില്ല. ടൂറിസം വകുപ്പ്, അന്താരാഷ്ട്ര വിനോദ സഞ്ചാരികളെയും ആഭ്യന്തര വിനോദസഞ്ചാരികളെയും ആകർഷിക്കുന്നതിനു വേണ്ടി കൊച്ചിൻ ബിനാലെ, നിശാഗന്ധി നൃത്തോത്സവം, അന്താരാഷ്ട്ര പുസ്തക മേളകൾ എന്നിവ പോലുള്ള കലാസാഹിത്യ മേളകൾ പ്രോത്സാഹിപ്പിക്കുന്നുണ്ട്. എന്റെ സർക്കാർ ഇക്കോ ടൂറിസം, ക്രൂയിസ് ടൂറിസം, മെഡിക്കൽ ടൂറിസം, ഫാം ടൂറിസം, അഡ്വെൻഞ്ചർ ടൂറിസം തുടങ്ങിയ പലതരത്തിലുള്ള ടൂറിസം കൂടുതൽ വികസിപ്പിക്കുന്നതിന് പ്രോത്സാഹിപ്പിക്കും. 2017-ലെ പുതിയ വിനോദസഞ്ചാര നയം, വിദേശവിനോദസഞ്ചാരികളുടെ 100% വർദ്ധനവും ആഭ്യന്തര വിനോദസഞ്ചാരികളുടെ 50% വർദ്ധനവും കൈവരിക്കുന്നതിന് ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ച് ടൂറിസം വ്യവസായത്തിലെ പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു. പരിസ്ഥിതി സൗഹൃദവും മാലിന്യമുക്തവും ഉത്തരവാദപ്പെട്ട വിനോദസഞ്ചാര അടിസ്ഥാന സൗകര്യവും എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും സൃഷ്ടിക്കുകയെന്നതാണ് നമ്മുടെ കാഴ്ചപ്പാട്. വിനോദ സഞ്ചാരികൾക്ക് നിലവാരമുള്ള സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനും ഈ മേഖലയിലെ അനാരോഗ്യ പ്രവണതകൾ നിരോധിക്കുന്നതിന് ഒരു പുതിയ ടൂറിസം റഗുലേറ്ററി അതോറിറ്റി കേരള (TRAK) സ്ഥാപിക്കുന്നതാണ്. വടക്കേ മലബാറിലെ ഏഴ് നദികളെ ബന്ധിപ്പിച്ചു

കൊണ്ടുള്ള മലബാർ റിവർ ക്രൂയിസ് പ്രോജക്റ്റ്, ഭാരത സർക്കാരിന്റെ സഹായത്തോടു കൂടി എട്ട് പ്രത്യേകമായ ആശയങ്ങൾക്ക് കീഴിൽ നടപ്പിലാക്കുന്നതാണ്.

## പ്രവാസി കേരളീയ (NRK) സേവനങ്ങൾ

54. പ്രവാസി കേരളീയ പ്രതിനിധികളും പ്രത്യേക ക്ഷണിതാക്കളും പാർലമെന്റിലെയും നിയമസഭയിലെയും അംഗങ്ങളും ഉൾപ്പെടുന്ന 351 അംഗ ലോക കേരള സഭ രൂപീകരിച്ചു കൊണ്ട് എന്റെ സർക്കാർ പ്രവാസി കേരളീയരുമായുള്ള ബന്ധം പുതിയൊരു തലത്തിലേക്ക് കൊണ്ടു വന്നു. ലോക കേരള സഭയുടെ ആദ്യത്തെ യോഗം അടുത്തകാലത്ത് നടക്കുകയും അത്, പ്രവാസി കേരളീയർക്ക് നിക്ഷേപങ്ങളിലൂടെ മാത്രമല്ല, അവരുടെ പ്രാഗത്ഭ്യവും ആശയവും പങ്കുവച്ച് കൊണ്ട് സംസ്ഥാനത്തിന് സംഭാവന നൽകി, സംസ്ഥാനത്തെ മെച്ചപ്പെട്ട ഒരിടമാക്കി മാറ്റുന്നിന് നിയമനിർമ്മാണം നടത്തുന്നവരും ഉപദേശാധികാരികളുമായും ഇടപഴകാൻ കഴിഞ്ഞ, ഒരു വേദി അവർക്ക് നൽകി. സുരക്ഷിത പ്രവാസത്തിനുള്ള ബോധവല്ക്കരണ പരിപാടികൾ, പ്രീ-ഡിപാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ, നൈപുണ്യ വികസന പരിപാടികൾ, നിസ്സഹായാവസ്ഥയിലായവർക്ക് സഹായം എന്നിവ ഉൾപ്പെടെയുള്ള വിവിധ മാർഗ്ഗങ്ങളിൽ കൂടി നമ്മുടെ പ്രവാസി കേരളീയരെ സഹായിക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. തിരികെവരുന്നവരുടെ പുനരധിവാസം, റീഇന്റഗ്രേഷൻ ട്രെയിനിങ് എന്നിവ ഈ മേഖലയിൽ ഉദ്ദേശിക്കുന്ന മറ്റ് ഉദ്യമങ്ങളിൽ ചിലതാണ്. കേരളത്തിന്റെ ആധുനികവല്കരണത്തിന്റെയും മുന്നോട്ടുള്ള വികസനത്തിന്റെയും

പ്രക്രിയയിൽ പ്രവാസികളുടെ സൗമനസ്യവും സാമ്പത്തികശേഷിയും പരമാവധി പ്രയോജനപ്പെടുത്തുന്നതിനും എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

## വ്യവസായവും വാണിജ്യവും സാങ്കേതിക വിദ്യയും

55. തൊഴിലും പരിസ്ഥിതിയും, നിലവാരങ്ങളോട് സന്ധി ചെയ്യാതെ വ്യാവസായിക വികസനത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുകയും കേരളത്തെ കൂടുതൽ ബിസ്സിനസ് സൗഹൃദമാക്കുകയുമാണ് എന്റെ സർക്കാരിന്റെ നയം. എന്റെ സർക്കാർ, ബന്ധപ്പെട്ട വകുപ്പുകളുടെ നിയമങ്ങളിലും വിജ്ഞാപനങ്ങളിലും ഭേദഗതികൾ വരുത്തിക്കൊണ്ട്, സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ക്ലിയറൻസുകൾ ലഘൂകരിച്ചു. ലൈസൻസുകൾ നൽകുന്നതിന് ഏകജാലക ക്ലിയറൻസ് സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ ക്ലിയറൻസുകൾക്കു വേണ്ടിയുള്ള ഒരു പോർട്ടൽ ഏർപ്പെടുത്തുന്നതാണ്. നഗര തദ്ദേശ സ്ഥാപനങ്ങളിൽ കെട്ടിടനിർമ്മാണ പ്ലാനുകൾക്കുള്ള അംഗീകാരം ഓൺലൈൻ ആയി നൽകുന്നതാണ്. സംരംഭകത്വ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിച്ചുവരുകയും വ്യവസായങ്ങൾ ആരംഭിക്കുന്നതിനും നടത്തുന്നതിനും കഴിവുള്ള നിക്ഷേപകർക്ക് ബിസ്സിനസ് സൗഹൃദ സാഹചര്യം വാഗ്ദാനം ചെയ്ത് അവരെ ആകർഷിക്കുന്നതിൽ ചൈനയിലെ സർക്കാരുകളെപ്പോലെ, ആത്യന്തികമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ മത്സരിക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഭൂമി ആർജ്ജിച്ച് അത് വ്യാവസായിക എസ്റ്റേറ്റുകളായി വികസിപ്പിക്കുന്നതിനുള്ള, സംസ്ഥാനം ധനസഹായം നൽകുന്ന ഏജൻസികളുടെ

പരിശ്രമങ്ങൾ വർദ്ധിപ്പിക്കുന്നതിന്, സ്വകാര്യ വ്യാവസായിക എസ്റ്റേറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതാണ്. സംസ്ഥാനത്ത് വാണിജ്യ സംബന്ധമായ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി എന്റെ സർക്കാർ ഒരു കോമേഴ്സ് മിഷൻ ആരംഭിക്കും. ഷോപ്പിംഗ് സുഗമമാക്കുന്നതിനായി എല്ലാ പ്രധാനപ്പെട്ട പട്ടണങ്ങളിലെയും ബിസ്സിനസ് കേന്ദ്രങ്ങളുടെ സമീപത്ത് മൾട്ടിലെവൽ പാർക്കിംഗ് സൗകര്യങ്ങൾ ഘട്ടംഘട്ടമായി ഞങ്ങൾ വികസിപ്പിക്കും. വ്യവസായ പ്രദർശനങ്ങൾക്കു വേണ്ടി കൊച്ചിയിൽ ഒരു സ്ഥിരം പ്രദർശന കേന്ദ്രം എന്നത് ഒരു ചിരകാല സ്വപ്നമാണ്, അത് സാക്ഷാത്കരിക്കുന്നതിന് ഞങ്ങൾ ഉദ്ദേശിക്കുന്നു. എന്റെ സർക്കാർ ഗെയിൽ (GAIL) പൈപ്പ് ലൈൻ ഇടുന്നതിനുള്ള ഉദ്യമവും എടുത്തിട്ടുണ്ട്. കഴിയുന്നിടത്തോളം പ്രദേശങ്ങളിൽ സിറ്റിഗ്യാസ് ഡിസ്ട്രിബ്യൂഷൻ വ്യാപിപ്പിക്കുന്നതിനായി ബന്ധപ്പെട്ട ഏജൻസികളുമായി ചേർന്ന് ഞങ്ങൾ പ്രവർത്തിക്കുന്നതാണ്.

56. നമ്മുടെ പരമ്പരാഗതമായ കരകൗശല വസ്തുക്കൾ, കൈത്തറി, മറ്റ് പരമ്പരാഗത മേഖലകളിലെ ഉല്പന്നങ്ങൾ എന്നിവയുടെ ഫലപ്രദമായ വിപണനത്തിനു വേണ്ടി, ബ്രാൻഡ് ഐഡന്റിറ്റികൾ ഉണ്ടാക്കുന്നതിന് എന്റെ സർക്കാർ പരിശ്രമിക്കും, അത് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക മാത്രമല്ല കേരളത്തിന്റെ പ്രതിച്ഛായ വർദ്ധിപ്പിക്കുന്നതിന് സഹായിക്കുക കൂടി ചെയ്യും.

57. അനുയോജ്യമായ ഒരു ആവാസ വ്യവസ്ഥ സൃഷ്ടിച്ചു കൊണ്ട്, ജീവശാസ്ത്രങ്ങളുടെ ഉയർന്നു വരുന്ന സാധ്യത പ്രയോജനപ്പെടുത്തുന്നതാണ്. ഈ

ലക്ഷ്യത്തിനായി, കെഎസ്ഐഡിസിയും (KSIDC) ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയുമായി ചേർന്ന് ഒരു സംയുക്ത സംരംഭം, കുറഞ്ഞ വിലയ്ക്ക് വൈദ്യശാസ്ത്ര സംബന്ധമായ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടി, തോന്നയ്ക്കലുള്ള ലൈഫ് സയൻസസ് പാർക്കിൽ ആസൂത്രണം ചെയ്തുവരുന്നു, അത് ജനത്തിന് പ്രയോജനകരമായിരിക്കും. 2018, ജീവശാസ്ത്രങ്ങളുടെ വർഷമായി പ്രഖ്യാപിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു.

## ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി

58. വ്യാവസായിക വളർച്ചയ്ക്കു വേണ്ടി ഇലക്ട്രോണിക്സ്, ഐ.റ്റി. മേഖലകൾക്ക് എന്റെ സർക്കാർ പ്രാധാന്യം നൽകുന്നത് തുടരുന്നതാണ്. വിവര സാങ്കേതിക വിദ്യാനയത്തിൽ വിഭാവന ചെയ്തതു പോലെ, 'ജി–റ്റു–സി' (സർക്കാരിൽ നിന്നും പൗരന്മാരിലേക്കുള്ള) എല്ലാ സേവനങ്ങളും, പ്രത്യേകിച്ച്, പണമടയ്ക്കുന്നതും സർട്ടിഫിക്കറ്റുകളുമായി ബന്ധപ്പെട്ടവ, നടപ്പു വർഷം ഇലക്ട്രോണിക് രീതിയിലാക്കുന്നതിന് സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കും. ഇ–ടെണ്ടർ പ്ലാറ്റ്ഫോമിന്റെ ഫലപ്രദമായ ഉപയോഗത്തിന് ഇലക്ട്രോണിക്സും ഐ.റ്റി.യും മന്ത്രാലയത്തിൽ നിന്നും കേരളം ദേശീയ അവാർഡ് നേടിയത് ചൂണ്ടിക്കാണിക്കുന്നതിന് എന്റെ സർക്കാരിന് അഭിമാനമുണ്ട്. ഇലക്ട്രോണിക് രീതിയിലൂടെ നൽകിയ സർട്ടിഫിക്കറ്റുകളുടെ മൊത്തം എണ്ണത്തിൽ കേരളം ഇപ്പോൾ രാജ്യത്ത് മൂന്നാം സ്ഥാനത്താണ്. ഐ.റ്റി സേവനങ്ങൾ വർദ്ധിപ്പിക്കുന്നതിനായി, ഇനിയുമൊരു 1000 പൊതു വൈ–ഫൈ ഹോട്ട്സ്പോട്ടുകൾ 2018–19 കാലയളവിൽ ആലോചിക്കുന്നുണ്ട്. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ്

മാനേജ്മെന്റിനെ (ഐഐടിഎം) ഉയർന്നു വരുന്ന സാങ്കേതിക വിദ്യകളുടെ ഒരു വിജ്ഞാന കേന്ദ്രമായി പ്രവർത്തിക്കുന്ന ഒരു ഗവേഷണ-പഠനസ്ഥാപനമാക്കി മാറ്റുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**ശാസ്ത്രവും-സാങ്കേതിക ശാസ്ത്രവും**

59. 2017-ലെ ശാസ്ത്ര-സാങ്കേതിക ശാസ്ത്ര നയത്തിൽ, ഗവേഷണത്തിലും വികസനത്തിലും വർദ്ധിച്ച പ്രാധാന്യം, വ്യവസായത്തിൽ കൂടുതൽ പങ്കാളിത്തം, ഗവേഷകർക്ക് മെച്ചപ്പെട്ട പരിശീലന അവസരങ്ങൾ എന്നിവയിലൂടെ ശാസ്ത്ര-സാങ്കേതിക രംഗത്ത് മത്സരാധിഷ്ഠിത നേട്ടം കൈവരിക്കുന്നതിന് എന്റെ സർക്കാർ വിഭാവനം ചെയ്യുന്നു. കേരളത്തിന്റെ അതുല്യമായ ഭൂമിശാസ്ത്രം, കാലാവസ്ഥ, സാമൂഹിക പ്രസ്ഥാനങ്ങളുടെ രീതി എന്നിവ തിരിച്ചറിഞ്ഞുകൊണ്ട് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് വൈറോളജി റിസർച്ച് സ്ഥാപിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. മുഖ്യമന്ത്രിയുടെ കരിയർ അഡ്വാൻസ്മെന്റ് ഇൻ ബയോടെക്നോളജി പ്രോഗ്രാം യുവ ശാസ്ത്രജ്ഞർക്ക് ലോകനിലവാരത്തിലുള്ള സ്ഥാപനങ്ങളിൽ പരിശീലനത്തിനുള്ള അവസരങ്ങൾ നൽകുന്നതിനുള്ള കേരള ബയോ ടെക്നോളജി കമ്മീഷന്റെ പ്രതിജ്ഞാബദ്ധതയ്ക്ക് ഒരു ഉദാഹരണമാണ്.

**മത്സ്യബന്ധനം**

60. എന്റെ സർക്കാർ പടിഞ്ഞാറൻ തീരത്തിന്റെ 250 മീറ്റർ വീതിയിൽ കേരളതീരത്തെ അപകട സാധ്യതാ വിശകലനത്തിനും ദുരന്ത സാധ്യതയുള്ള പ്രദേശത്തെ കണ്ടെത്തുന്നതിനും പ്രകൃതി ദുരന്തങ്ങൾ നേരിടുന്ന തിനുമുള്ള അടിയന്തിര തയ്യാറെടുപ്പുകൾക്ക് സൗകര്യ

മൊരുക്കാനും ഒരു ത്രിമാന ഭൂപടം തയ്യാറാക്കാൻ ഉദ്ദേശിക്കുന്നു. ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യബന്ധനത്തിനു കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളെ സഹായിക്കാനായി ഐ. എസ്. ആർ. ഒ. -യുമായി ചേർന്ന് ഒരു ഉപഗ്രഹ അധിഷ്ഠിത നാവിഗേഷൻ കാലാവസ്ഥ പ്രവചന സംവിധാനം ആസൂത്രണം ചെയ്തുവരുന്നു. കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങളിൽ ജീവൻ രക്ഷാ ഉപകരണങ്ങൾ സജ്ജീകരിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകുന്നതാണ്. അങ്ങനെയുള്ള യാനങ്ങളെ മാത്രമേ കടലിൽ പോകുവാൻ അനുവദിക്കുകയുള്ളൂ. കൂടാതെ ഭാവി രക്ഷാപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി മത്സ്യബന്ധന യാനങ്ങളുടെ നീക്കം, അതിലെ ജോലിക്കാരുടെ വിശദാംശങ്ങൾ സഹിതം ക്രമീകരിക്കുന്നതാണ്. മത്സ്യങ്ങളുടെ ദേശാന്തരഗമനം ഉറപ്പാക്കുന്നതിനും അതിന്റെ എണ്ണം നിലനിർത്തുന്നതിനും, സാധ്യമാകുന്നിടത്തെല്ലാം മത്സ്യങ്ങളുടെ ദേശാന്തരഗമനപാതകൾ തടസ്സ രഹിതമാക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ പുതിയ ഫിഷിംഗ് ഹാർബറുകൾ ഉദ്ദേശിക്കുന്നു.

**തുറമുഖങ്ങൾ**

61. കേരളത്തിന് സമുദ്രസംബന്ധമായ മഹത്തായ ഒരു പാരമ്പര്യമുണ്ട്. ഇത് പുനരുജ്ജീവിപ്പിക്കാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നമ്മൾ ഒരു മാരിടൈം ബോർഡ് രൂപീകരിച്ചിട്ടുണ്ട്. തീരദേശ ഉൾനാടൻ കപ്പൽഗതാഗതത്തിന്, ചരക്കുകളും വാഹനങ്ങളും കൊണ്ട് പോകുന്നതിനായി നൽകുന്ന പ്രോത്സാഹനം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. എന്റെ സർക്കാർ തീരദേശ-ഉൾനാടൻ ജലഗതാഗതങ്ങൾ

സംയോജിപ്പിച്ച് രണ്ട് നദി-സമുദ്ര ടെർമിനലുകൾ കൊടുങ്ങല്ലൂരും കായംകുളത്തും സജ്ജീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

**എക്സൈസ്**

62. മദ്യപാനത്തിന്റെ കാര്യത്തിൽ നിയന്ത്രണം നിരോധനത്തേക്കാൾ കൂടുതൽ ഫലപ്രദമാണെന്ന് എന്റെ സർക്കാർ വിശ്വസിക്കുന്നു. മദ്യത്തിന്റെ അപകടത്തെക്കുറിച്ചുള്ള മെച്ചപ്പെട്ട ബോധവത്കരണ പ്രചരണ പരിപാടിയിലൂടെ ജനത്തിന്റെ മദ്യത്തോടുള്ള മനോഭാവത്തിൽ അടിമുടി മാറ്റം സൃഷ്ടിക്കാമെന്ന് എന്റെ സർക്കാർ പ്രതീക്ഷിക്കുന്നു. പ്രായപൂർത്തിയാകാത്തവർക്കിടയിലെ മദ്യപാനത്തിൽ `സീറോ ടോളറൻസ് പോളിസി' യാണ് നമുക്കുള്ളത്. കൂടാതെ, യുവാക്കൾക്കിടയിലെ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം തടയുന്നതിനായി ശക്തമായ നടപടികളെടുക്കുന്നതുമാണ്. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായ ആളുകളെ സഹായിക്കുന്നതിനുവേണ്ടി എന്റെ സർക്കാർ കോഴിക്കോട്ടെ കിനാലൂരിൽ ഒരു ആധുനിക ഡീഅഡിക്ഷൻ സെന്റർ സ്ഥാപിക്കുന്നതാണ്.

**സഹകരണം**

63. കേരളത്തിന്റെ വികസന പ്രവർത്തനങ്ങളിൽ സഹകരണ പ്രസ്ഥാനങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു. എന്റെ സർക്കാർ സഹകരണ മേഖല കാര്യക്ഷമമാക്കുന്നതിനായി ഒരു സമഗ്ര നയം രൂപീകരിക്കും. കേരള ബാങ്ക് ഈ വർഷം യാഥാർത്ഥ്യമാകാൻ പോകുകയാണ്. ഈ ബാങ്ക് നൂതന സാങ്കേതിക വിദ്യയിലൂടെ എല്ലാ ആധുനിക സേവനങ്ങളും പ്രദാനം ചെയ്യും. പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന

എല്ലാ ക്രെഡിറ്റ് സഹകരണ സ്ഥാപനങ്ങളും, കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സിസ്റ്റവുമായി സംയോജിപ്പിക്കുന്നതാണ്. എന്റെ സർക്കാർ, കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE)-നെ ഒരു മികവിന്റെ കേന്ദ്രമാക്കാൻ പദ്ധതിയിടുന്നു. കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിന് നെല്ലും അരിയും സംഭരിക്കുക, സംസ്കരിക്കുക, വിപണനം ചെയ്യുക എന്നിവയ്ക്കായി ഒരു സഹകരണ കൺസോർഷ്യം രൂപീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

ഗതാഗതം

64. ഗതാഗത-ഊർജ്ജ, അടിസ്ഥാന സൗകര്യങ്ങളിൽ നിക്ഷേപം നടത്തുന്നത്, സാമ്പത്തിക വികസനം സുഗമമാക്കുന്നതിനും അതുപോലെ നമ്മുടെ പൗരന്മാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പ്രധാന ഘടകങ്ങളിൽ ഒന്നാണ്. എന്റെ സർക്കാർ, ഇക്കാര്യത്തിൽ ഒട്ടനവധി നടപടികൾ കൈകൊള്ളുകയും ജലഗതാഗതം, മെട്രോ, ലൈറ്റ് റെയിൽ എന്നിവ ഉൾപ്പെടെ, പൗരന്മാർക്ക് വേണ്ടി വിവിധ രീതിയിലുള്ള ഗതാഗതങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നു. കെ. എസ്. ആർ. ടി. സി. യെ സമയബന്ധിതമായി പുന:സംഘടിപ്പിക്കുകയും പുനരധിവസിപ്പിക്കുകയും ചെയ്യും.

പൊതുമരാമത്തും ഹൈവേകളും

65. ഏതൊരു രാജ്യത്തിന്റെയും സാമൂഹിക സാമ്പത്തിക വികസനത്തിൽ ഹൈവേകൾ വലിയൊരു പങ്ക് വഹിക്കുന്നു. മെച്ചപ്പെട്ട റോഡുകളുടെ അഭാവത്തിൽ കച്ചവടവും വാണിജ്യവും പരസ്പര വിനിമയവും നിശ്ചലമാകും. എന്റെ സർക്കാർ റോഡ് ഗതാഗതത്തിൽ ഗണ്യമായ പുരോഗതി

കൈവരിച്ചിട്ടുണ്ട്. സംസ്ഥാന പാതകൾ നിർദ്ദിഷ്ട ഹിൽ ഹൈവേകളായും തീരദേശ ഹൈവേകളായും വികസിപ്പിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിൽ നിന്നും തുടങ്ങി, എന്റെ സർക്കാർ, അടിസ്ഥാന സൗകര്യങ്ങളിലുള്ള നിക്ഷേപം അതിന്റെ മുന്തിയ പരിഗണനകളിലൊന്നാക്കിമാറ്റി.

2017-18 കാലയളവിൽ, കിഫ്ബിയുടെ കീഴിലുള്ള 497 റോഡുകളുടെയും പാലങ്ങളുടെയും പദ്ധതികളിലെ, 103 പദ്ധതികൾ അംഗീകരിച്ചിട്ടുള്ളതും 34 പ്രവർത്തികൾക്ക് ടെണ്ടർ നൽകിയിട്ടുള്ളതുമാണ്. 'ന്യൂ ടൈംസ്-ന്യൂ കൺസ്ട്രക്ഷൻ' എന്ന പുതിയ നയത്തിന്റെ അടിസ്ഥാനത്തിൽ പി. ഡബ്ള്യൂ. ഡി. അതിന്റെ പദ്ധതികൾ നടപ്പാക്കുന്നതിൽ ആധുനിക സുസ്ഥിര സാങ്കേതിക വിദ്യകൾ സ്വീകരിക്കുന്നു.

66. കേരളത്തിലെ വർദ്ധിച്ച റോഡപകടങ്ങൾ കണക്കിലെടുത്ത് റോഡ് സുരക്ഷ, എന്റെ സർക്കാരിന്റെ മുൻഗണനാ മേഖലയായിരിക്കുന്നതാണ്. ജംഗ്ഷനുകൾ വികസിപ്പിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക, ട്രാഫിക് സൈൻ ബോർഡുകളും ഹാന്റ് റെയിലുകളും സ്ഥാപിക്കുക, ട്രാഫിക്ക് ലൈറ്റുകൾ ഏർപ്പെടുത്തുക, സ്കൂൾ മേഖലകൾ വികസിപ്പിക്കുക, നിരീക്ഷണ ക്യാമറകൾ, റിഫ്ളക്റ്ററുകൾ, ക്രാഷ് ബാരിയറുകൾ എന്നിവ സ്ഥാപിക്കുക എന്നിവ പോലുള്ള നിരവധി റോഡു സുരക്ഷ മെച്ചപ്പെടുത്തൽ ഉദ്യമങ്ങൾ ഏറ്റെടുത്തു വരുന്നു.

**റെയിൽവേ**

67. സംസ്ഥാനത്ത് വിജയകരമായ റെയിൽവേ പ്രോജക്റ്റുകൾ ഏറ്റെടുക്കുന്നതിനായി കേരള സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് ഒരു

സംയുക്ത സംരംഭ കമ്പനി, കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (KRDC), രൂപീകരിച്ചിട്ടുണ്ട്. നിർദ്ദേശിച്ചിട്ടുള്ള നിരവധി ഉദ്യമങ്ങളിൽ നാല് പദ്ധതികൾ, തലശ്ശേരി മുതൽ മൈസൂർ വരെയുള്ള ഒരു പുതിയ ബ്രോഡ്ഗേജ് പാത, തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള പാതയോട് ചേർന്ന് 2 സെമി ഹൈസ്പീഡ് ബ്രോഡ്ഗേജ് പാതകൾ ഉപേക്ഷിക്കപ്പെട്ട എറണാകുളം ടെർമിനലിന്റെയും വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ടിലേക്കുള്ള റെയിൽ കണക്ടിവിറ്റിയുടെയും പുനർ വികസനം ഇവ റെയിൽവേ ബോർഡിന് പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

**ഊർജ്ജം**

68. കേരളത്തിൽ, സംസ്ഥാനത്തെ എല്ലാ വീടുകളിലേയ്ക്കും വൈദ്യുതി എത്തിച്ചിട്ടുള്ളതും, അത്, രാജ്യത്തെ ശേഷിക്കുന്ന ഭാഗങ്ങളിൽ ഇപ്പോഴും ചെയ്യുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു കാര്യവുമാണ്. സംസ്ഥാനത്ത് എല്ലാ പ്രദേശങ്ങളിലും 24 × 7 അടിസ്ഥാനത്തിൽ ഗുണമേന്മയുള്ള വൈദ്യുതി നൽകുന്നതിൽ എന്റെ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതും ഈ ആവശ്യത്തിലേയ്ക്കായി, പ്രത്യേകിച്ചും മലബാർ പ്രദേശങ്ങളിൽ പ്രസരണ വിതരണ നിലവാരം മെച്ചപ്പെടുത്തുന്നതിലേക്ക്, ഒരു ട്രാൻസ്ഗ്രിഡ് പ്രോജക്റ്റ് നടപ്പിലാക്കിവരുന്നു.

69. എന്റെ സർക്കാർ, പുനരുല്പാദിപ്പിക്കാവുന്ന ഊർജ്ജം പ്രോത്സാഹിപ്പിക്കുന്നതിൽ വിശ്വസിക്കുന്നു. സ്വകാര്യ വീടുകളിലെ റൂഫ് ടോപ്പ് വൈദ്യുതി ഉല്പാദനം പ്രോത്സാഹിക്കുന്നത് മാത്രമല്ല, ഒരു നിശ്ചിത വലിപ്പത്തിനുമേലുള്ള വീടുകൾക്ക് അത് നിർബന്ധിതമാക്കിവരുകയും ചെയ്യുന്നു. എന്റെ സർക്കാർ, കാറ്റിൽ

നിന്നുളള വൈദ്യുതി ഉല്പാദനവും പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഗോത്ര വർഗ്ഗക്കാരുടെ ഭുമിയിൽ അഗളിയിൽ എൻ. എച്ച്. പി. സി നടപ്പിലാക്കി കൊണ്ടിരിക്കുന്ന 8 മെഗാവാട്ട് പ്രോജക്റ്റ് ആണ് മികച്ച മാതൃകകളിൽ ഒന്ന്, അതിന്റെ ആകെ വരുമാനത്തിന്റെ 5% ഗോത്രവർഗ്ഗക്കാർക്ക് കെ.എസ്.ഇ.ബി.എൽ-ൽനിന്നും നേരിട്ട് ലഭിക്കുന്നു.

70. എന്റെ സർക്കാർ, സംസ്ഥാനത്ത് ഇലക്ട്രോണിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കും. ഈ വാഹനങ്ങളുടെ ഉപയോഗത്തിന് സാധ്യമായ ഒരു അന്തരീക്ഷം ഏർപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ. ദേശീയപാതയിലുടനീളവും നഗരങ്ങളിലും ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ഒരു ശൃംഖല ഘട്ടം ഘട്ടമായി സ്ഥാപിക്കും.

**ആസൂത്രണം**

71. എന്റെ സർക്കാർ, പഞ്ചവത്സര പദ്ധതിയുടെ മാതൃകയിൽ വ്യക്തമായ വാർഷിക പദ്ധതികളോടുകൂടി ആസൂത്രിത വികസനത്തിന്റെ ആശയവും സമ്പ്രദായവും തുടരുന്നുണ്ട്, കേന്ദ്ര സർക്കാർ ആ നടപടികളിൽ നിന്നും വിട്ടുനിൽക്കുന്നുണ്ടെങ്കിൽകൂടിയും മുൻ വർഷം ഞാൻ പ്രഖ്യാപിച്ചതുപോലെ ജില്ലാ തലത്തിൽ പദ്ധതികൾ തയ്യാറാക്കുക എന്നതാണ് ഈ സർക്കാരിന്റെ ഉദ്ദേശ്യം. സംസ്ഥാന ജില്ലാ ആസൂത്രണ സംവിധാനങ്ങൾ ജില്ലാ പ്ലാനുകളുടെ ബ്ലൂ പ്രിന്റ് അന്തിമമാക്കുന്നുവെന്ന് കാണുന്നതിൽ സന്തോഷമുണ്ട്. എന്റെ സർക്കാർ ആസൂത്രണ പ്രക്രിയ ജനക്ഷേമകരമാക്കിയിട്ടുണ്ട്. അത് കൂടുതൽ പങ്കാളിത്തത്തോടെയാക്കുവാൻ പദ്ധതിയിടുകയും ചെയ്യുന്നു. ആസൂത്രണ പ്രക്രിയ മെച്ചപ്പെടുത്തുന്നതിനായി കേരള

സംസ്ഥാന ഭൂവിനിയോഗ ബോർഡും കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആന്റ് എൻവയോൺമെന്റ് സെന്ററും ശാസ്ത്രീയമായി മാപ് തയ്യാറാക്കി ഭൂതല-ഡാറ്റ സാധൂകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. അപ്രകാരമുള്ള ശ്രമങ്ങളിൽ, നെയ്യാർ നദീതീരത്തിന്റെ പരിസ്ഥിതി പുനഃസ്ഥാപനത്തിന് വേണ്ടിയുള്ള ഉപരിതല വിശകലനവും നിർദ്ദിഷ്ട വെറ്റ് ലാന്റ് ഇൻഫർമേഷൻ സിസ്റ്റവും (WLIS) ഉൾപ്പെടുന്നതാണ്. ആസൂത്രണം വിജയപ്രാപ്തിയിലെത്തിക്കുന്നതിന് ജ്യോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റവും ഉപഗ്രഹാധിഷ്ഠിത സംവിധാനവും ഉപയോഗിച്ചുകൊണ്ട് കേരളത്തിലെ വിഭവങ്ങളുടെ ഭൂപടം തയ്യാറാക്കുന്നതിന് സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

ട്രഷറി

72. സംസ്ഥാനത്തെ ട്രഷറി വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവത്കൃത സാമ്പത്തിക സംവിധാനമുണ്ടെന്ന് കാണുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നമ്മുടെ ട്രഷറികളിൽ ആട്ടോമേറ്റഡ് സർവ്വീസ് ഡെലിവറി ഉറപ്പു വരുത്തിയിട്ടുണ്ട്. ഉപഭോക്തൃ സൗകര്യ കേന്ദ്രങ്ങൾ എല്ലാ ട്രഷറികളിലും സജ്ജീകരിക്കാൻ ഉദ്ദേശിക്കുന്നു. നിലവിൽ നമ്മുടെ ട്രഷറികൾ പെൻഷൻകാരെ ന്യൂ പെൻഷൻ സ്കീമിലേക്ക് (NPS) ചേർക്കുന്നതിനുള്ള സഹായകേന്ദ്രങ്ങളായി വർത്തിച്ചുവരുന്നു. നമ്മുടെ ട്രഷറികൾക്ക് ISO 27001 സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള നടപടികളും എന്റെ സർക്കാർ ആരംഭിച്ചിട്ടുണ്ട്.

**റവന്യൂ**

73. ഭൂമിയുടെ പ്രാധാന്യം കണക്കിലെടുത്ത്, സംസ്ഥാനത്തെ 1664 വില്ലേജുകളിലും പുറം കരാർ മുഖേന ഡിജിറ്റൽ സർവ്വേയ്ക്ക് യോഗ്യരായ ഏജൻസികളെകൊണ്ട് ഡിജിറ്റൽ സർവ്വേ പൂർത്തീകരിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. 2018 മാർച്ചോടെ സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലും മ്യൂട്ടേഷൻ അല്ലെങ്കിൽ പോക്കുവരവ് 100 ശതമാനവും ഓൺലൈൻ ആക്കുന്നതാണ്. പൊതുജനങ്ങൾ കരം ഒടുക്കുന്നതും ഓൺലൈൻ ആക്കുന്നതാണ്. വില്ലേജ് ഓഫീസർ നൽകുന്ന എല്ലാ സർട്ടിഫിക്കറ്റുകളും ഡിജിറ്റലാക്കുന്നതും അത് ഡിജിലോക്കറുമായി ബന്ധിപ്പിക്കുന്നതുമാണ്. നിലവിലെ സാമൂഹികാവശ്യങ്ങൾ നിറവേറ്റുന്നതിനായി നിലവിലുള്ള ഭൂനിയമങ്ങൾ കാലികമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഈ വർഷം 500 വില്ലേജ് ഓഫീസുകളിൽ സിറ്റിസൺ സപ്പോർട്ട് ഡെസ്ക് സ്ഥാപിക്കുന്നതാണ്. വിവിധ താലൂക്ക് ലാൻഡ് ബോർഡുകൾ മുമ്പാകെ തീർപ്പാകാതെ നിലവിലുള്ള 1304 ലാൻഡ് സീലിംഗ് കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് സമയബന്ധിതമായ നടപടി സ്വീകരിക്കും.

**രജിസ്ട്രേഷൻ വകുപ്പ്**

74. എന്റെ സർക്കാർ കൂടുതൽ സുതാര്യതയ്ക്കായി ഇ-സ്റ്റാമ്പിംഗും ഇ-പെയ്മെന്റും സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രമാണങ്ങളുടെ ഡിജിറ്റൈസേഷനും 100 വർഷത്തിലേറെ പഴക്കമുള്ള രേഖകൾ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനുമുള്ള ഒരു പ്രത്യേക പദ്ധതിയും നടപ്പിലാക്കുന്നതാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനം**

75. ജില്ലാ പദ്ധതികളിലൂടെ ജനാധിപത്യ വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയയെ കൂടുതൽ ശക്തിപ്പെടുത്താൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സേവന വിതരണ നിലവാരം മെച്ചപ്പെടുത്താനും വിഭവ സമാഹരണം വർദ്ധിപ്പിക്കാനും ഇ-ഗവേണൻസ് സാങ്കേതിക വിദ്യകൾ ശക്തിപ്പെടുത്താൻ എന്റെ സർക്കാർ പദ്ധതിയിടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സ്മാർട്ട് എന്റിറ്റികളായി രൂപാന്തരപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സർക്കാരുമായുള്ള എല്ലാ സേവനങ്ങളും ഇടപാടുകളും വിതരണം ചെയ്യുന്നതിന് ഒരു ഓൺലൈൻ ഇന്റഗ്രേറ്റഡ് എന്റർപ്രൈസ് സൊല്യൂഷൻ മോഡൽ നടപ്പിലാക്കുന്നതാണ്. ആർട്ട് ആന്റ് ഹെറിട്ടേജ് കമ്മീഷന്റെ സാദ്ധ്യത വർദ്ധിപ്പിക്കുന്നതും അമൂല്യമായ പൈതൃക സ്വത്തുകളുടെ സംരക്ഷണം ഉറപ്പാക്കാൻ കമ്മീഷന് നിയമം മൂലം അധികാരം നൽകുന്നതുമായിരിക്കും.

76. സംസ്ഥാനത്തെ എല്ലാ കെട്ടിടങ്ങൾക്കും വീടുകൾക്കും ഒരു 'യൂണീക്ക് നമ്പർ' നൽകുന്നതുൾപ്പെടെ വസ്തു നികുതി ഘടന സമഗ്രമായി പരിഷ്കരിക്കുന്നതിന് എന്റെ സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ (LSGI) സഹായിക്കുന്നതും അതുവഴി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതുമാണ്. ഹരിത കെട്ടിട നിർമ്മാണ മാനദണ്ഡങ്ങൾ അവലംബിക്കുന്ന വസ്തുക്കൾക്ക് നികുതി സബ്സിഡി നൽകാൻ വ്യവസ്ഥ ചെയ്യുന്നതിലൂടെ പരിസ്ഥിതി സുസ്ഥിരതയെ പ്രോത്സാഹിപ്പിക്കാൻ എന്റെ സർക്കാർ പദ്ധതിയിടുന്നു.

**പരിസ്ഥിതി നേതൃത്വം**

77. കേരളത്തിന്റെ പ്രശസ്തമായ പ്രകൃതി ഭംഗി കാലങ്ങളായി നിരവധി കവികൾക്ക് പ്രചോദനമായിട്ടുണ്ട്. പ്രകൃതി, കേരളത്തെ കനിഞ്ഞ് അനുഗ്രഹിച്ചിട്ടുണ്ട്. എന്നിരുന്നാലും, കാലാവസ്ഥ വ്യതിയാനവും മനുഷ്യരാലുള്ള പരിസ്ഥിതി ശോഷണവും എല്ലാം തന്നെ പ്രധാന വെല്ലുവിളികൾ ആകുന്നതും അതു നിയന്ത്രിക്കാതിരിക്കുന്ന പക്ഷം കൃഷിയിലും വിനോദസഞ്ചാരത്തിലും ആശ്രയിക്കുന്ന നമ്മുടെ സമ്പദ്ഘടനയ്ക്കും നിലവിലുള്ള ജീവിതരീതിക്കും ഒരു ഭീഷണിയായി മാറുന്നതുമാണ്. പ്രകൃതിവിഭവങ്ങളുമായി ബന്ധപ്പെട്ട കേരളത്തിന്റെ പരമ്പരാഗത നേട്ടങ്ങളിൽ പലതും ഇന്ന് ഭീഷണി നേരിടുകയാണ്. കാലാവസ്ഥ വ്യതിയാനം മൂലം സമുദ്രനിരപ്പ് ഉയരുന്നതും വെള്ളപ്പൊക്കവും വരൾച്ചയും മാറിമാറിവരുന്ന രീതിയും കേരള ജനതയ്ക്ക് വലിയതോതിൽ പ്രശ്നങ്ങൾക്ക് കാരണമാകുന്നതായി കണക്കാക്കുന്നു. സംസ്ഥാനം ഈ വെല്ലുവിളികൾ നേരിടേണ്ടത് ദുർബലവും ജീർണ്ണിച്ചതുമായ ഒരു ഫോർമുല പ്രയോഗിച്ചല്ല, എന്നാൽ പുരോഗമനപരമായി വ്യത്യസ്തമായ തത്വചിന്ത കൊണ്ടാണ്.

78. മാനവരാശിയുടെ നിലനിൽപ്പിനെ ബാധിക്കുന്ന രണ്ട് ആഗോളപ്രവണതകളാണ് പരിസ്ഥിതി ശോഷണവും സാങ്കേതിക വിദ്യാ വികസനത്തിന്റെ സങ്കീർണ്ണതയും വ്യാപനവും. ഇവ രണ്ടും ശരിയായ രീതിയിൽ കൈകാര്യം ചെയ്യാത്തപക്ഷം, ഒരു വർഗ്ഗം എന്ന നിലയിൽ മനുഷ്യവംശം നാമാവശേഷമാകും. പരിസ്ഥിതി ശോഷണത്തെ നാം എങ്ങനെ നോക്കിക്കാണുന്നുവെന്നതും കൈകാര്യം ചെയ്യുന്നു

വെന്നതും അടിസ്ഥാനമാക്കിയുള്ള മാതൃകാപരമായ ഒരു മാറ്റമാണ് നമുക്ക് ആവശ്യം. മാലിന്യവും മലിനീകരണവും ഒഴിവാക്കാനാവാത്തവയായി കരുതുന്നതിന് പകരം അവയെ നിലനിൽക്കുന്ന ഭീഷണികളായി കാണേണ്ടതും അവ കുറയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും സാങ്കേതിക വിദ്യാ അടിസ്ഥാനത്തിലുള്ള പരിഹാരങ്ങൾ ഉപയോഗിക്കേണ്ടതുമാണ്.

79. എന്റെ സർക്കാർ, കേരളത്തിന്റെ പ്രകൃതി വിഭവങ്ങളുടെ കാവലാൾ എന്ന നിലയിലുള്ള അതിന്റെ ഉത്തരവാദിത്വം വളരെ ഗൗരവമായി കാണുകയും ശുചിത്വ കേരളത്തിനായി നിരവധി പ്രധാന ഉദ്യമങ്ങൾ ഏറ്റെടുക്കുകയും ചെയ്യുന്നു. കേരളത്തിന്റെ സമ്പന്നമായ പ്രകൃതി വിഭവങ്ങൾ ഭാവി തലമുറയ്ക്കു വേണ്ടി മാത്രമല്ല നിലവിലെ ജനതയുടെ ആരോഗ്യം, ഊർജ്ജസ്വലത, അഭിവൃദ്ധി എന്നിവയ്ക്കുകൂടി വേണ്ടി കാത്തുസൂക്ഷിക്കുകയെന്ന പാവനമായ ഒരു ചുമതല നമുക്കുണ്ടെന്ന് നമ്മൾ തിരിച്ചറിയുന്നു.

### ജലവിഭവ വകുപ്പ്

80. ഓരോ വർഷം കഴിയുന്തോറും ശുദ്ധജല വിതരണ ലഭ്യത എന്നത് ഒരു വെല്ലുവിളിയായി മാറുന്നു. ഋതുക്കളിലുണ്ടാകുന്ന മാറ്റം ഓരോ ദിവസത്തിലെയും കാലാവസ്ഥയിൽ പ്രവചനാതീതമായ മാറ്റമുണ്ടാക്കുന്നു എന്നതിനാൽ, ഇത് വർദ്ധിക്കുന്നതും നഗരവത്ക്കരണം, ജനബാഹുല്യം, മലിനീകരണം എന്നിവയുടെ ഫലങ്ങൾ അതികഠിനമായിരിക്കും. 2025-ഓടു കൂടി ലോകജനതയുടെ

70 ശതമാനത്തിലധികം ദൈനംദിന ആവശ്യങ്ങൾക്കായി, വർഷം മുഴുവനുമുള്ള ജലലഭ്യതയ്ക്കായി പ്രയാസമനുഭവിക്കുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്.

81. ഇവിടെയുണ്ടാകുന്ന വർദ്ധിച്ച തോതിലുള്ള ജലക്ഷാമം എന്റെ സർക്കാർ മനസ്സിലാക്കുന്നതും, വിവേകപൂർവ്വമായ വാട്ടർ മാനേജ്മെന്റ് സ്ട്രാറ്റജികൾ ആസൂത്രണം ചെയ്തുവരികയുമാണ്. ജലവിഭവവകുപ്പിന്റെ പ്രധാന ഉദ്യമങ്ങളിൽ, വെള്ളപ്പൊക്ക നിയന്ത്രണത്തിനായി, തടയണകളുടെ നിർമ്മാണവും മെച്ചപ്പെടുത്തലും നദികളും അരുവികളും പുനരുജ്ജീവിപ്പിക്കുന്നതും, നദികളിലുടനീളം ഷട്ടർ മാനേജ്മെന്റിനുള്ള വ്യവസ്ഥ കനാൽ ശൃംഖലകളുടെ നിർമ്മാണം, ഡാം റിഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റുകൾ എന്നിവയും ഉൾപ്പെടുന്നു. കേരള വാട്ടർ അതോറിറ്റി 40 ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തിയാക്കുന്നതിനും കൂടുതൽ നഗരങ്ങളിലേക്ക് സ്വീവറേജ് സിസ്റ്റം മാനേജ്മെന്റ് വ്യാപിപ്പിക്കുന്നതിനും ജലവിതരണ പ്രശ്നങ്ങൾക്ക് ചെലവു കുറഞ്ഞ പരിഹാരം കാണുന്നതിനുള്ള ഗവേഷണത്തിന് നൂതന മേഖലകൾ ആരംഭിക്കുന്നതിനും പദ്ധതിയിടുന്നു. കുട്ടനാട്ടിലെയും, കൊല്ലത്തെയും ജലക്ഷാമ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ബൃഹത് പദ്ധതികളുടെ പൂർത്തീകരണം കേരള വാട്ടർ അതോറിറ്റിയുടെ മറ്റൊരു മുൻഗണനയാണ്.

82. നദികൾ ഉൾപ്പെടെയുള്ള നിരവധി ജലാശയങ്ങൾ കൊണ്ട് അനുഗ്രഹീതമാണ് കേരളം. നിർഭാഗ്യവശാൽ, അവ മലിനീകരിക്കപ്പെടുകയും അവയിൽ പലതും എക്കൽ അടിഞ്ഞതുമൂലം സഞ്ചാരയോഗ്യമല്ലാതായി തീരുകയും ചെയ്തിട്ടുണ്ട്.

83. ജലപാതകളോടൊപ്പം ജലഗതാഗതത്തിനും വിനോദസഞ്ചാരവികസനത്തിനുമായി നമ്മുടെ സംസ്ഥാനത്തിന്റെ കനാലുകൾ, കായലുകൾ, ജലാശയങ്ങൾ എന്നിവ മുതൽകൂട്ടുന്നതിനായി, എന്റെ സർക്കാർ, ഉൾനാടൻ ജലഗതാഗത മേഖല പൂർണ്ണമായും വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. വെസ്റ്റ് കോസ്റ്റ് കനാൽ (WCC), ഡബ്ല്യു.സി.സി.-യുടെ കോഴിക്കോട് - നീലേശ്വരം ഭാഗം, പാർവ്വതി പുത്തനാർ, കൊച്ചിയിലെ അർബൻ റീജനറേഷൻ & ഇന്റഗ്രേറ്റഡ് വാട്ടർ ട്രാൻസ്പോർട്ട് ഡെലപ്മെന്റ് എന്നിവ ഉദാഹരണങ്ങളിൽ ഉൾപ്പെടുന്നു.

**വനം**

84. കഴിഞ്ഞ കാലത്ത്, വർദ്ധിച്ചുവരുന്ന ജനസമൂഹത്തിന് താമസ സൗകര്യം നൽകുന്നതിനായി സ്വാഭാവിക വനങ്ങളുടെ വലിയൊരു ഭാഗം, വെട്ടിതെളിക്കപ്പെടുകയും തോട്ടങ്ങളായും കൃഷിഭൂമിയായും പരിവർത്തനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നൈസർഗ്ഗിക വനങ്ങൾ നൽകുന്ന വിപുലമായ ആവാസവ്യവസ്ഥാ സേവനങ്ങളുടെ വെളിച്ചത്തിൽ, വ്യവസായങ്ങളിലെ അസംസ്കൃത വസ്തുക്കളുടെ ആവശ്യകത നിറവേറ്റുന്നതിനായി ഉണ്ടാക്കിയിട്ടുള്ള തോട്ടങ്ങളുടെ വ്യാപ്തി, ഇതിനകം ഉണ്ടായിട്ടുള്ള ബാദ്ധ്യതകൾ, നിറവേറ്റുന്നതിന് മാത്രമായി പരിമിതപ്പെടുത്തുകയും, ശേഷിക്കുന്ന പ്രദേശങ്ങളിൽ, കേരളത്തിലെ വനങ്ങളിൽ സ്വാഭാവികമായി കാണുന്ന വൃക്ഷയിനങ്ങൾ വളർത്തി വീണ്ടെടുക്കുകയും ചെയ്യുന്നതാണ്.

85. വനങ്ങളിൽ യാതൊരു കയ്യേറ്റവും ഉണ്ടാകുന്നില്ലെന്ന് എന്റെ സർക്കാർ ഉറപ്പുവരുത്തുന്നതും പ്രധാന വനാന്തരഭാഗങ്ങളെ യാതൊരു രീതിയിലും ബാധിക്കാത്ത വിധത്തിൽ സംരക്ഷിക്കുന്നതുമാണ്; ഈ സർക്കാരിന്റെ കാലയളവിൽ, മുഴുവൻ വന അതിർത്തികളും സ്ഥിരമായ വഴിയടയാളത്തോടെ വേർതിരിക്കുന്നതുമാണ്.

86. കേരളത്തിന്റെ പശ്ചിമഘട്ടം, തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ മാത്രം കാണപ്പെടുന്ന, ഒരു പ്രത്യേകയിനം സസ്യജാലമാണ് ചന്ദന മരങ്ങൾ (santalum album). അതിന്റെ പുനരുല്പാദനം സുഗമമാക്കുന്നതിനായി പാലക്കാട് ജില്ലയിലെ, അട്ടപ്പാടി പ്രദേശത്തിന് ചുറ്റുമുള്ള, ഈ ഇനങ്ങൾക്ക് നൽകിയിട്ടുള്ള സംരക്ഷണം വർദ്ധിപ്പിക്കുന്നതിനും അട്ടപ്പാടിയെ സാന്റൽവുഡ് റിസർവ്വ് ആയി വ്യാപിപ്പിക്കുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

87. മനുഷ്യ-വന്യജീവി സംഘട്ടനം കൊണ്ട് വിളനാശം, മനുഷ്യന്റെയും മൃഗങ്ങളുടെയും ജീവനാശം, വസ്തുക്കൾക്കുള്ള നാശനഷ്ടം എന്നിവ സംഭവിക്കുന്നു. എന്റെ സർക്കാർ, അങ്ങനെയുള്ള സംഘട്ടനം പരമാവധി കുറയ്ക്കുന്നതിൽ വിശ്വസിക്കുകയും മനുഷ്യന്റെയും മൃഗങ്ങളുടെയും സമാധാനപരമായ സഹജീവനം പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തുടനീളം അപ്രകാരമുള്ള സംഘട്ടനങ്ങൾ കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

88. വനത്തെ ആശ്രയിച്ച് കഴിയുന്ന ഗോത്ര വിഭാഗങ്ങളുടെ ഉപജീവന മാർഗ്ഗം സംരക്ഷിക്കുന്നതും മെച്ചപ്പെടുത്തുന്നതുമാണ് എന്റെ സർക്കാർ മുന്നോട്ടു കൊണ്ടു പോകാൻ ഉദ്ദേശിക്കുന്ന, ഊന്നൽ നൽകുന്ന മറ്റൊരു പ്രധാന മേഖല. പ്രസ്തുത വകുപ്പ്, പങ്കാളിത്ത വന മാനേജ്മെന്റിനു വേണ്ടി 400 'വനസംരക്ഷണ സമിതികളും' 190 'ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികളും' രൂപീകരിക്കുകയും വനസംരക്ഷണത്തിനും ഇക്കോ ടൂറിസം സൈറ്റുകളുടെ മാനേജ്മെന്റിനുമായി അവയെ സജീവമായി ഉൾപ്പെടുത്തുകയും ചെയ്തുവരുന്നു.

89. വനനശീകരണത്തിന്റെ ഒരു പ്രധാന കാരണം കാട്ടുതീയാണ്. സംസ്ഥാനത്തെ മിക്ക കാട്ടുതീയും മനുഷ്യരാൽ ഉണ്ടാകുന്നതാണ്. കാട്ടുതീയുടെ നിയന്ത്രണം പ്രാധാന്യമർഹിക്കുന്നതുകൊണ്ട് തിരുവനന്തപുരം ജില്ലയിലുള്ള അരിപ്പയിലെ ഫയർ ട്രെയിനിംഗ് സെന്ററിനെ പുനരുജ്ജീവിപ്പിക്കുന്നതും അതുവഴി. കാട്ടുതീ നിയന്ത്രിക്കുന്നതിനും സംസ്ഥാനത്തിന്റെ മാത്രമായ ഒരു സമഗ്ര നയം വികസിപ്പിക്കുന്നതുമാണ്. കാട്ടുതീ നേരിടുന്നതിനായി മുൻനിര ജീവനക്കാർക്ക് മതിയായ പരിശീലനം നൽകുന്നതാണ്.

**മാലിന്യ സംസ്കരണം**

90. മാലിന്യശേഖരണത്തെക്കുറിച്ച് പറയുന്നത് സുഖകരമല്ല; എന്നിരുന്നാലും റോഡുകളിലും തെരുവുകളിലുമുള്ള മാലിന്യക്കൂമ്പാരങ്ങൾ ജനങ്ങൾക്ക് ശല്യമുണ്ടാക്കുന്നതിനു പുറമെ നമ്മെ ലജ്ജിപ്പിക്കുന്നതിനുള്ള ഒരു കാരണമായി തീർന്നിട്ടുണ്ട് എന്നത് ഒരു

അപ്രിയ സത്യമാണ്. നമ്മുടെ ജലാശയങ്ങളെ, അഴുക്ക് ചാൽവഴി അത് മലിനീകരിക്കുന്നു എന്ന് മാത്രമല്ല, നാമെല്ലാവർക്കും, വൃത്തിഹീനവും അനാരോഗ്യകരവുമായ സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു. അതിനാൽ ഈ അവസ്ഥ പരിഹരിക്കുന്നതിനുവേണ്ടിയുള്ള സത്വര നടപടികൾ നാം എടുക്കണമെന്നത് അത്യന്താപേക്ഷിതമാണ്. ഉറവിടത്തിലെ, വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിൽ 'ഹരിത കേരളം മിഷൻ' നടത്തുന്ന ഉദ്യമങ്ങളെ സംബന്ധിച്ച് ഞാൻ ഇതിനകം പറഞ്ഞുകഴിഞ്ഞു. ഈ പ്രചരണ പരിപാടി നടക്കുന്നതിനോടൊപ്പം തന്നെ, എന്റെ സർക്കാർ, പ്രത്യേകിച്ചും പ്രധാന നഗരങ്ങളിൽ സെൻട്രലൈസ്ഡ് വേസ്റ്റ് റ്റു എനർജി പരിപാടിയുടെ സാദ്ധ്യതകൾ ആരായുന്നതുമാണ്. പൊതുസ്വകാര്യ പങ്കാളിത്തത്തോടെ (PPP), കാര്യക്ഷമവും ശാസ്ത്രീയവുമായ ഖരമാലിന്യ സംസ്കരണത്തിന്, ഏറ്റവും ആധുനികമായ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള 'വേസ്റ്റ് റ്റു എനർജി' (WtE) പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയിടുന്നു.

**ജൈവ വൈവിധ്യ സംരക്ഷണം**

91. കേരളത്തിന്റെ അനുഗ്രഹങ്ങളിലൊന്നായ ജൈവ വൈവിധ്യം സംരക്ഷിക്കാൻ എന്റെ സർക്കാർ ലക്ഷ്യമിടുന്നു. ജൈവ വൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികളുടെ ശാക്തീകരണം, പീപ്പിൾസ് ബയോഡൈവേഴ്സിറ്റി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്യുക, ഒരു കേരള ജൈവ വൈവിധ്യ വിവര രജിസ്റ്റർ തയ്യാറാക്കൽ, മൂന്നു നൂതന പ്രമേയാധിഷ്ഠിത ജൈവ വൈവിധ്യ പൂന്തോട്ടങ്ങൾ/പാർക്കുകൾ സ്ഥാപിക്കൽ എന്നിവ

ഉൾപ്പെടെ കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് 2018-19 കാലഘട്ടത്തിൽ നിരവധി സംരംഭങ്ങൾക്ക് പദ്ധതിയിടുന്നു. രണ്ടു പ്രധാന സ്ഥലങ്ങൾ, കൊല്ലം ജില്ലയിലെ ആശ്രാമവും, തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്തിനടുത്ത് കലശമലയും ജൈവവൈവിധ്യ പൈതൃക സ്ഥലങ്ങളായി പ്രഖ്യാപിക്കുവാൻ എന്റെ സർക്കാർ പദ്ധതിയിടുന്നു.

92. എല്ലാ വകുപ്പുകളും അവരുടെ വാർഷിക പദ്ധതികളിൽ കുറഞ്ഞപക്ഷം ഒരു പാരിസ്ഥിതിക സംരംഭമെങ്കിലും ഉൾപ്പെടുത്തിയിട്ടുണ്ട് എന്നതിനാൽ പാരിസ്ഥിതിക സുസ്ഥിരത ഒരു കൂട്ടുത്തരവാദിത്വ മായിട്ടുണ്ട്. എന്നിരുന്നാലും, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, പരിസ്ഥിതി വകുപ്പ് എന്നിവയിലൂടെ അന്തരീക്ഷ വായു ഗുണനിലവാര നിരീക്ഷണം ഉൾപ്പെടെയുള്ള നമ്മുടെ പാരിസ്ഥിതിക മേൽനോട്ട ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുവാൻ എന്റെ സർക്കാർ ലക്ഷ്യമിടുന്നു.

**പ്രേരകങ്ങളും ചാലക ശക്തികളും**

93. കാര്യക്ഷമതയും കഴിവും മെച്ചപ്പെടുത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട സാങ്കേതിക വിദ്യയിലൂടെ പബ്ലിക് സർവ്വീസുകൾ ആധുനികവൽക്കരിക്കുക എന്നത് വിവിധ വകുപ്പുകളുടെ ഒരു പൊതു ആശയമാണ്. സുസ്ഥിര കേരളം എന്ന എന്റെ സർക്കാരിന്റെ വീക്ഷണത്തെ സുഗമമാക്കുന്നതിന് നവീകരണം, സംരംഭകത്വം, സദ്ഭരണം, കൂട്ടായ ഉത്തരവാദിത്വം എന്നിവ ചാലകശക്തികളും പ്രേരകവും ആയി സുപ്രധാന പങ്ക് വഹിക്കുന്നു. എന്റെ സർക്കാർ, ഈ സംരംഭങ്ങളിൽ തുടർന്നും നിക്ഷേപം നടത്തുന്നതാണ്.

**നവീകരണം**

94. ഒരേ കാര്യം തന്നെ വീണ്ടും വീണ്ടും ചെയ്യുകയും വ്യത്യസ്ത ഫലങ്ങൾ പ്രതീക്ഷിക്കുകയും ചെയ്യുക എന്നത് ഉന്മാദത്തിന്റെ നിർവ്വചനമാണെന്ന് ആൽബർട്ട് ഐൻസ്റ്റീൻ പറയുകയുണ്ടായി. നവീകരണം നടത്തുന്നവർക്കുള്ള താണ് വരുംകാലം. സാങ്കേതിക വിദ്യ വികസിക്കുന്നതോടെ ഭൂമിശാസ്ത്രപരവും മറ്റുവിധത്തിലുള്ളതുമായ ഘടകങ്ങളുടെ സ്വാധീനം കുറയുന്നു. ഒരു പ്രത്യേക ഭൂപ്രദേശത്തിന്റെ സവിശേഷതകൾ കൃഷിയിലോ വ്യാപാരത്തിലോ നേട്ടങ്ങൾ നൽകുന്നതാണ്. എന്നാൽ ജനതയുടെ ഭാവനയും ഉദ്യമങ്ങളും മാത്രമേ സാദ്ധ്യതകൾ യാഥാർത്ഥ്യമാക്കി രൂപാന്തരപ്പെടുത്തുകയുള്ളൂ. ഇവിടെയാണ് നവീകരണത്തിന് പ്രാധാന്യം ഉള്ളത്. സുസ്ഥിര കേരളം എന്ന കാഴ്ചപ്പാട്, ഊർജ്ജസ്വലമായി പിന്തുടരുന്നു എന്ന് ഉറപ്പാക്കുന്നതിന് എന്റെ സർക്കാർ നവീകരണം പരിപോഷിപ്പിക്കുന്നതാണ്. നാം ഇന്ന് അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ നേരിടുന്നതിന് സാധാരണ മനോഭാവത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മതിയാകുന്നതല്ല. എന്റെ സർക്കാർ, നമ്മുടെ സമീപനങ്ങൾക്ക് ഒരു പുതിയ വീക്ഷണം കൊണ്ടു വരുവാനും, നവീകരണം എന്ന ആശയം വ്യാപിപ്പിക്കു ന്നതിനും ഒരു ഡെവലപ്മെന്റ് ആന്റ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (ഡി.ഐ.എസ്.സി.) രൂപീകരിച്ചിട്ടുണ്ട്.

**സംരംഭകത്വം**

95. എന്റെ സർക്കാർ, പൗരൻമാരെ, തൊഴിൽ തേടുന്നവർക്ക് പകരം തൊഴിൽ ദാതാക്കളാക്കാൻ പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭങ്ങൾ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികളുമായി മുന്നോട്ടുപോകുന്നതാണ്. ആഗോളവൽക്കരണവും സാങ്കേതികവിദ്യാ വികസനവും സംരംഭകത്വത്തിന്റെ ഒരു കാലഘട്ടത്തിലാണ് ഉണ്ടായിട്ടുള്ളത്, അത് ഭാവിയിൽ കൂടുതൽ ശക്തിയാർജ്ജിക്കുന്നതുമാണ്. ലോകോത്തര സംരംഭങ്ങൾ പടുത്തുയർത്തിയ കേരളത്തിൽ നിന്നുള്ള സംരംഭകരുടെ ബുദ്ധിവൈഭവവും അനുഭവങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ട് വിദ്യാഭ്യാസ പരിശീലന സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടിയ സംരംഭക തന്ത്രങ്ങൾ സർക്കാർ പ്രോത്സാഹിപ്പിക്കുന്നതാണ്.

**സദ്ഭരണം**

96. സദ്ഭരണം നടത്തുവാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഉത്തരവാദിത്വ നേതൃത്വം, സത്യസന്ധത, സുതാര്യത, ജനങ്ങളോടുള്ള ആത്മാർത്ഥത എന്നിവയുടെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാൻ അത് ആവശ്യപ്പെടുന്നു. എന്റെ സർക്കാർ, അതിന്റെ ജനങ്ങളുടെ സാമൂഹ്യ മനഃസാക്ഷി എന്ന ഉത്തരവാദിത്വം ഗൗരവമായി എടുത്തിട്ടുള്ളതും പ്രതിരോധിക്കാൻ ശേഷിയില്ലാത്തവരെ ചൂഷണം ചെയ്യുന്നത് തടയുന്നതും ശബ്ദമുയർത്തുവാൻ അവസരമില്ലാത്തവർക്ക് സഹായമായി വർത്തിക്കുന്നതും എല്ലാവർക്കും അവസരസമത്വം പ്രോത്സാഹിപ്പിക്കുന്നതുമാണ്.

## കൂട്ടായ ഉത്തരവാദിത്വം

97. വർഷങ്ങളായി നിരവധി ആളുകൾ ചൂണ്ടിക്കാണിച്ചതു പോലെ ജനാധിപത്യം. വെറും കാഴ്ചക്കാരായി നോക്കിനിൽക്കേണ്ട വിനോദമല്ല. അത് കർമ്മനിരതരും പ്രതിജ്ഞാബദ്ധരുമായ പൗരന്മാർ അവരുടെ പങ്ക് നിർവ്വഹിക്കണമെന്ന് ആവശ്യപ്പെടുന്നു. പൊതുവായ വിഭവങ്ങളോടുള്ള ഓരോ പൗരന്റേയും സമീപനം എങ്ങനെയായിരിക്കണമെന്നതിൽ മാത്രമല്ല, സമൂഹത്തിലെ കാര്യക്ഷമതയുള്ള അംഗമെന്ന നിലയിൽ എങ്ങനെ നമുക്ക് ഏറ്റവും മികച്ച രീതിയിൽ പെരുമാറാൻ കഴിയുമെന്ന തിലുള്ള സാംസ്കാരിക പരിവർത്തനമാണ് സുസ്ഥിരത ആവശ്യപ്പെടുന്നത്. പൗരന്മാർക്ക് സഹായഹസ്തം നൽകുന്നതിനും നയപരമായ തീരുമാനം കൈക്കൊള്ളുന്നതിൽ ക്രിയാത്മകമായ സംവാദത്തിൽ ഏർപ്പെടുന്നതിനും നമ്മുടെ സാമൂഹിക സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി പ്രവർത്തിക്കുവാനുമാണ് അത് നമ്മോട് ആവശ്യപ്പെടുന്നത്.

## കർമ്മനിരതരാകാനുള്ള ആഹ്വാനം

98. ഇത് നമ്മുടെ സമയമാണ്. കഴിഞ്ഞകാല പൈതൃകത്തിൽ അഭിമാനം കൊള്ളുകയും നമ്മുടെ ഭാവിയെക്കുറിച്ച് ശുഭാപ്തി വിശ്വാസം കൊള്ളുകയും ചെയ്യുന്നതിനോടൊപ്പം, നാം ജീവിക്കാനാഗ്രഹിക്കുന്നതും ഭാവിതലമുറയ്ക്കായി നിലനിർത്തേണ്ടതുമായ ഒരു ലോകം കെട്ടിപ്പടുക്കുന്നതിന്, എപ്പോഴും എവിടെയുമുള്ള അവസരങ്ങൾ നാം ഉപയോഗപ്പെടുത്തേണ്ടതാണ്.

ലോകത്ത് നിങ്ങൾ കാണാൻ ആഗ്രഹിക്കുന്ന മാറ്റം നിങ്ങളായിരിക്കണമെന്ന മഹാത്മാഗാന്ധിയുടെ ഏറ്റവും അധികം ഉദ്ധരിക്കപ്പെട്ട വരികളോടെ ഞാൻ നിർത്തട്ടെ. കേരള വികസന മാതൃകയിലെ അടുത്ത അദ്ധ്യായം നമുക്കൊരുമിച്ച് രചിക്കാം.

99. നിങ്ങളുടെ പ്രത്യേക ശ്രദ്ധയ്ക്ക് നന്ദി, നമ്മുടെ കൂട്ടായ വീക്ഷണം യാഥാർത്ഥ്യമാക്കുവാൻ ദൃഢപ്രതിജ്ഞയെടുക്കാം.

**ജയ് ഹിന്ദ്**

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ്
സെൻട്രൽ പ്രസ്സിൽ അച്ചടിച്ചത്, 2018.